


# അക്കാദമിക് മാസ്റ്റർ പ്ലാൻ

# 2025

## ഗവ. ഹൈസ്കൂൾ മച്ചിപ്ലാവ്

## ആമുഖം

1961 ൽ മച്ചിപ്ലാവിലെയും പരിസരപ്രദേശങ്ങളിലെയും കുടിയേറ്റ കർഷകരുടെയും അഭ്യുദയ കാംക്ഷികളുടെയും ശ്രമഫലമായി മച്ചിപ്ലാവിലെ ഈ വിദ്യാലയം സ്ഥാപിതമായി.

വിദ്യാലയത്തിന്റെ ആരംഭം ഒരു നിലത്തെഴുത്ത് കളരിയായിട്ടായിരുന്നു.ഇന്നത്തെ കിണറിന്റെ സ്ഥാനത്ത് പുല്ലുമേഞ്ഞ കെട്ടിടത്തിലാണ് ഈ കളരി പ്രവർത്തിപ്പിച്ചത്. വേലു ആശാൻ ആയിരുന്ന ആദ്യ അദ്ധ്യാപകൻ. അന്നത്തെ പഞ്ചായത്ത് മെമ്പർ ആയ ശ്രീ ജി. വി ജോസഫ് പൊട്ടയ്ക്കൽ, പാലക്കുന്നേൽ കുമാരൻ, പാലമൂട്ടത്ത് പുത്തൻപുര നാരായണൻ വൈദ്യർ താണിവീട്ടിൽ ചന്ദ്രൻ തുടങ്ങിയവരുടെ നേതൃത്വത്തിൽ മച്ചിപ്ലാവ് ഗവ. എൽ. പി. എസിന് തുടക്കമായി.

എൽ. പി ആയി ഏറെ വർഷം തുടർന്ന ശേഷം ആണ് യു. പി സ്കൂൾ ആയി ഉയർത്തിയത്. തുടർന്ന് വർഷങ്ങൾക്ക് ശേഷം 2013-14 അദ്ധ്യയനവർഷത്തിൽ ആർ. എം. എസ്. എ. പദ്ധതി പ്രകാരം മച്ചിപ്ലാവ് ഗവ. യു. പി. എസ്. ഹൈസ്കൂളായി ഉയർത്തപ്പെട്ടു.

സ്കൂളിന്റെ വികസനകാര്യങ്ങളിൽ ഇപ്പോഴും നാട്ടുകാരും ജനപ്രതിനിധികളും പങ്കാളികളാണ്.

എയ്ഡഡ് , അൺഎയ്ഡഡ് സ്കൂളുകളുടെ ആധിക്യമാണ് മുൻവർഷങ്ങളിൽ കുട്ടികളുടെ എണ്ണക്കുറവിന് കാരണമായത്. എന്നാൽ സ്കൂൾ പി.ടി.എ. എസ്. എം. സി., എം.പി.ടി.എ., എസ്. ആർ. ജി., എസ്.എസ്.ജി., പൂർവ്വവിദ്യാർത്ഥികൾ എന്നിവരുടെ കാര്യക്ഷമമായ പ്രവർത്തനവും അദ്ധ്യാപകരുടെയും ഹെഡ്മാസ്റ്ററുടെയും കഠിനാധ്വാനവും സമൂഹത്തോടുള്ള പ്രതിബദ്ധതയും കുട്ടികളുടെ എണ്ണം കൂട്ടുവാൻ സഹായിച്ചു.

# അക്കാദമിക നേട്ടങ്ങൾ

കഴിഞ്ഞ വർഷം ഗണിത , ശാസ്ത്ര , പ്രവർത്തി പരിചയ മേളകളിലും കായിക മത്സരങ്ങളിലും സബ്ജില്ലാ തലത്തിൽ അഭിമാനാർഹമായ നേട്ടം കൈവരിക്കാൻ സാധിച്ചിട്ടുണ്ട് . മേളകളിൽ 78 ഓളം സ്കൂളുകൾ മത്സരിച്ചതിൽ 12 ആം സ്ഥാനത്തെത്താൻ നമ്മുടെ സ്കൂളിന് സാധിച്ചിട്ടുണ്ട്. കഴിഞ്ഞ 11 വർഷവും എസ് എസ് എൽ സി പരീക്ഷയിൽ 100% വിജയം കൈവരിക്കാനും നമുക്ക് സാധിച്ചിട്ടുണ്ട്. 2023 - 24 അധ്യയന വർഷം സ്കൂളിൽ JRC യൂണിറ്റ് ഇടങ്ങാൻ സാധിച്ചിട്ടുണ്ട്. കൂടാതെ കുട്ടികളിലെ വായന ശീലം വളർത്തുന്നതിന് ക്ലാസ് ലൈബ്രറികൾ പ്രവർത്തിച്ച വരുന്നു. ഒന്നാം ക്ലാസ് മുതൽ തന്നെ കമ്പ്യൂട്ടർ അധ്യയനവും ഇവിടെ നടത്തുന്നുണ്ട്.

## പരിമിതികൾ

നേട്ടങ്ങൾ കൈവരിക്കുന്നുണ്ടെങ്കിലും ഒട്ടേറെ പരിമിതികൾ സ്കൂളിനുണ്ട് .സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന ഗ്രാമീണ മേഖലയിലാണ് സ്കൂൾ പ്രവർത്തിക്കുന്നത് . അതുകൊണ്ട് തന്നെ 80 %കുട്ടികളും ഈ വിഭാഗത്തിൽ ഉൾപ്പെട്ടവരാണ് .പഠനത്തിൽ പിന്നോക്കം നിൽക്കുന്നവരും ഭിന്നശേഷിക്കാരുമായ കുട്ടികൾ നമ്മുടെ സ്കൂളിൽ ഉണ്ട്.ഇത്തരക്കാരെ പ്രത്യേക പരിശീലനത്തിലൂടെ മുന്നോട്ട്കൊണ്ടുവരേണ്ടതുണ്ട് .ഹൈസ്കൂളായെങ്കിലും കുട്ടികൾക്ക് കളിസ്ഥലം ഇല്ലായെന്നത് വലിയൊരു അപര്യാപ്തതയായി നിലനിൽക്കുന്നു.

കമ്പ്യൂട്ടർ ലാബിൽ ആവശ്യത്തിനുള്ള കംപ്യൂട്ടറുകളും പ്രോജക്ടറുകളും ഇല്ല. നിലവിൽ സ്മാർട്ട് ക്ലാസ് റൂം സൗകര്യം കുറവാണ് . ഹൈസ്കൂൾ വിഭാഗത്തിനുള്ള കെട്ടിട നിർമ്മാണം എത്രയും വേഗം പൂർത്തിയാക്കേണ്ടതുണ്ട്.

# ഗവ .എച്ച് .എസ് .മച്ചിപ്ലാവ്

## സ്കൂൾ പ്രൊഫൈൽ

| | | |
|---|---|---|
| സ്കൂളിന്റെ പേര് | : | ഗവ .എച്ച് .എസ് .മച്ചിപ്ലാവ് |
| വിലാസം | : | മച്ചിപ്ലാവ് പി ഒ ,685561 |
| ഇ മെയിൽ | : | ghsmachiplavu@gmail.com |
| സ്കൂൾ കോഡ് | : | 29072 |
| ഗ്രാമപഞ്ചായത്ത് | : | അടിമാലി |
| വില്ലേജ് | : | അടിമാലി |
| വാർഡ് നമ്പർ | : | 6 |
| കെട്ടിട നമ്പർ | : | 96 |
| ബ്ലോക്കിന്റെ പേര് | : | അടിമാലി |
| ഉപവിദ്യാഭ്യാസ ജില്ല | : | അടിമാലി |
| വിദ്യാഭ്യാസ ജില്ല | : | തൊടുപുഴ |
| റവന്യൂ ജില്ല | : | ഇടുക്കി |
| ക്ലസ്റ്റർ സെന്റർ | : | മച്ചിപ്ലാവ് |
| ബി ആർ സി | : | അടിമാലി |
| ഹെഡ്മിസ്ട്രസ്സ് | : | ഷൈജി.മാത്യു |
| ഫോൺ | : | 9446956175 |

# സ്കൂളിലെ അധ്യാപകർ 2025 - 26

## നിലവിലെ അവസ്ഥ

| വിഭാഗം | അധ്യാപകരുടെ എണ്ണം | സ്ഥിരം | താത്കാലികം | 3 വർഷത്തിൽ അധികമായി പ്രവർത്തിക്കുന്നവർ |
|---|---|---|---|---|
| എൽ പി | 4 | 4 | 0 | 3 |
| യു പി | 3 | 3 | 0 | 2 |
| എച്ച് എസ് | 5 | 5 | 0 | 3 |

# സ്കൂളിലെ അനധ്യാപകർ 2025 - 26

## നിലവിലെ അവസ്ഥ

| വിഭാഗം | അനധ്യാപകരുടെ എണ്ണം | സ്ഥിരം | താത്കാലികം | 3 വർഷത്തിൽ അധികമായി പ്രവർത്തിക്കുന്നവർ |
|---|---|---|---|---|
| എൽ ഡി സി | 1 | 1 | 0 | 0 |
| ഓ എ | 2 | 2 | 0 | 1 |
| എഫ് ടി സി എം | 1 | 1 | 0 | 0 |

# കാഴ്ചപാട്

## പൂർണ്ണവിദ്യാഭ്യാസത്തെക്കുറിച്ചുള്ള കാഴ്ചപാട്

- അക്കാദമിക മികവിലൂടെ വിദ്യാലയമികവ് എന്ന മുദ്രാവാക്യ ലക്ഷ്യമാക്കി കുട്ടികളുടെ വികാസത്തിനു വേണ്ട പഠനാന്തരീക്ഷം വിദ്യാലയം സംജാതമാക്കും. ഓരോ ക്ലാസിലെയും വിദ്യാർത്ഥികൾ ആർജ്ജിക്കേണ്ട നൈപുണികൾ അതാത് ക്ലാസ്സിൽ തന്നെ ആർജ്ജിക്കും.

- ഓരോ വിദ്യാർത്ഥിയും അവരവരുടെ കഴിവിന്റെ പരമാവധിയിൽ എത്തിച്ചേരും.

- ലോകത്തെമ്പാടുമുള്ള വിദ്യാർത്ഥികൾ ആർജ്ജിക്കുന്ന അറിവും കഴിവുമുള്ള വിദ്യാർത്ഥികൾ നമ്മുടെ വിദ്യാലയത്തിലുണ്ടാകും.

- മലയാളം ഇംഗ്ലീഷ്, ഹിന്ദി എന്നീ ഭാഷകളിൽ പ്രാവീണ്യവും ആശയവിനിമയശേഷിയും ജീവിത നൈപുണികളും വിദ്യാർത്ഥികൾ കൈവരിക്കും.

- വായനാശീലം വളർത്തും.

- കുട്ടികളുടെ സർഗ്ഗാത്മകവും അക്കാദമികവും കായികവുമായ കഴിവുകൾ പരിപോഷിപ്പിച്ച് സംസ്ഥാന ദേശീയ അന്തർദ്ദേശീയ തലത്തിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കും.

## പഠനത്തെയും വിലയിരുത്തലിനെയും കുറിച്ചുള്ള കാഴ്ചപ്പാട്.

- എല്ലാ കുട്ടികൾക്കും പഠനത്തിനും വികാസത്തിനുമുള്ള തുല്യ അവസരങ്ങൾ നൽകും

- സ്വയം പഠനവും കൂട്ടായ പഠനവും പഠനപ്രക്രിയയുടെ ഭാഗമാക്കും.

- വിലയിരുത്തൽ പഠനത്തിന്റെ ഭാഗമാകുന്നതോടെ പഠന ബോധന പ്രക്രിയകൾ വിലയിരുത്തി പോരായ്മകൾ പരിഹരിക്കും. പഠനത്തിന്റെ ഓരോ ഘട്ടത്തിലും നിശ്ചിത നൈപുണികൾ ആർജിച്ചിട്ടുണ്ടോ എന്നറിയുന്നതിന് നിരന്തര വിലയിരുത്തൽ പ്രക്രിയകൾ നടപ്പിലാക്കും.

- അധ്യാപകർക്കും സ്വയം വിലയിരുത്തൽ പ്രക്രിയ നടപ്പിലാക്കും.

## പാരിസ്ഥിതിക അവബോധത്തെ കുറിച്ചുള്ള കാഴ്ചപ്പാട്

- പഠനത്തെ പരിസര ബന്ധിയും ജീവിതഗന്ധിയും ആക്കി മാറ്റുന്നതിനായി പഠനത്തിൽ പരിസരസാധ്യതകൾ പ്രയോജനപ്പെടുത്തുകയും സ്കൂൾ കാമ്പസിനെ ഒരു പാഠപുസ്തകമായി വികസിപ്പിക്കുകയും ഒരു ജൈവവൈവിധ്യ ഉദ്യാനമാക്കി മാറ്റുകയും ചെയ്യും.

- പരിസ്ഥിതി സൗഹൃദ നിലപാട് കുട്ടികളിൽ വളർത്തുന്നതിനോടൊപ്പം കാർഷിക സംസ്കാരം നിലനിർത്തുകയും ചെയ്യും.

## പെൺകുട്ടികളുടെ പദവിയും അവസരതുല്യതയും സംബന്ധിച്ച കാഴ്ചപ്പാട്

- സ്ത്രീപുരുഷപദവിയും തുല്യതയും സംബന്ധിച്ച് ഉയർന്ന ധാരണയുടെ അടിസ്ഥാനത്തിൽ നിലപാട് സ്വീകരിക്കുന്നവരും പെരുമാറുന്നവരുമായിരിക്കും ഈ വിദ്യാലയത്തിലെ കുട്ടികളും അദ്ധ്യാപകരും.
- വിദ്യാലയത്തിലും എല്ലാവിധ അനുഭവങ്ങളും ആൺ പെൺ വിവേചനമില്ലാത്തതും അവസരതുല്യത ഉറപ്പാക്കുന്നതുമായിരിക്കും.
- പെൺ സൗഹൃദസമീപനം എല്ലാ പ്രവർത്തനങ്ങളിലും പ്രതിഫലിക്കും.

## പാർശ്വവൽക്കരിക്കപ്പെട്ടവരുടെ മക്കളുടെ പഠന പിന്തുണ സംബന്ധിച്ച കാഴ്ചപ്പാട്

- സ്ത്രീ പുരുഷ പദവിയും തുല്യതയും സംബന്ധിച്ച് ഉയർന്ന ധാരണയുടെ അടിസ്ഥാനത്തിൽ നിലപാട് സ്വീകരിക്കുന്നവരും പെരുമാറുന്നവരും ആയിരിക്കും ഈ വിദ്യാലയത്തിലെ കുട്ടികളും അദ്ധ്യാപകരും. എല്ലാവിധ അനുഭവങ്ങളും ആൺ പെൺ വിവേചനമില്ലാത്തതും അവസരതുല്യത ഉറപ്പാക്കുന്നതുമായിരിക്കും.
- പെൺ സൗഹൃദ സമീപനം എല്ലാ പ്രവർത്തികളിലും പ്രതിഫലിക്കും.
- വ്യത്യസ്ത സാമൂഹിക-സാമ്പത്തിക സാംസ്കാരിക പശ്ചാത്തലങ്ങളിൽ നിന്നും വരുന്ന കുട്ടികൾക്ക് പഠനവേഗതയിലും ബൗദ്ധിക നിലവാരത്തിലും ഉതകുന്ന പ്രവർത്തനങ്ങൾ നൽകുക വഴി ഒറ്റ കുട്ടികൾക്കും സമാനമായ നിലയിൽ എത്തിച്ചേരാൻ സാധിക്കും.
- പാർശ്വവൽക്കരിക്കപ്പെട്ടവരെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുന്നതിന് വിദ്യാലയം

പ്രാധാന്യം നൽകും.

## പ്രത്യേക പരിഗണന അർഹിക്കുന്നവരോടുള്ള വിദ്യാലയ സമീപനം

- ഭിന്ന ശേഷിക്കാർക്ക് നവീന സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് പ്രത്യേക പരിശീലനം നൽകും.

- തൊഴിൽ പരിശീലനം നൽകി സമൂഹത്തിൽ ജീവിക്കുന്നതിന് പ്രാപ്തരാക്കും.

- രക്ഷിതാക്കളുടെ അക്കാദമിക പ്രവർത്തന പിന്തുണസംബന്ധിച്ച കാഴ്ചപ്പാട്

- സ്കൂളിലെ അക്കാദമിക പ്രവർത്തനങ്ങളിൽ രക്ഷിതാക്കളുടേയും സമൂഹത്തിന്റെയും പങ്കാളിത്തം ഉറപ്പാക്കുക വഴി പഠന ബോധന പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തി മികച്ച പഠന നേട്ടങ്ങൾ കൈവരിക്കുന്ന ഒരു ജനകീയ കൂട്ടായ്മയോടുകൂടി പ്രവർത്തിക്കുന്ന ഒരു വിദ്യാലയമായി നമ്മുടെ വിദ്യാലയം മാറും.

## കുട്ടികളുടെ ശാരീരിക മാനസിക വൈകാരിക ആരോഗ്യവും ശുചിത്വവും സംബന്ധിച്ച കാഴ്ചപ്പാട്

- കലാ കായിക പരിശീലനങ്ങളുടേയും മാനസികാരോഗ്യപദ്ധതികളുടെയും ശരിയായ വൈകാരിക മാനസിക ശാരീരിക ആരോഗ്യം കൈവരിച്ചവരായിരിക്കും മുഴുവൻ വിദ്യാർത്ഥികളും.

- വ്യക്തി ശുചിത്വവും പരിസരശുചിത്വവും പാലിക്കുന്നതിൽ ശ്രദ്ധ ചെലുത്തുന്നവരായിരിക്കും. പോഷകസമൃദ്ധമായ് ഉച്ചഭക്ഷണ പരിപാടികളിലൂടെ വിദ്യാർത്ഥികളെ പൂർണ്ണ ആരോഗ്യമുള്ളവരാക്കും.

## വിദ്യാർത്ഥിയും സമൂഹവും

- പഠന ബോധന പ്രവർത്തനങ്ങളിലൂടെയും സാമൂഹ്യ പ്രവർത്തനങ്ങളിലൂടെയും കുട്ടികൾ നേടുന്ന അറിവും കഴിവും ഉപയോഗിച്ച് നിത്യജീവിതത്തിലെ സാമൂഹ്യപ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ പ്രാപ്തരായ വിദ്യാർത്ഥികളെ സൃഷ്ടിക്കും.

## അദ്ധ്യാപക ശാക്തീകരണം സംബന്ധിച്ച കാഴ്ച്ചപ്പാട്

- ഡിജിറ്റൽ പഠന വിഭവങ്ങൾ ഉപയോഗിക്കുന്നതിനും ആധുനിക ബോധനസങ്കേതങ്ങൾ പ്രാവർത്തികമാക്കുന്നതിനും പരിശീലനം നേടിയവരായിരിക്കും അദ്ധ്യാപകർ.

## ആധുനിക സാങ്കേതിക വിദ്യകളുടെ ഉപയോഗവും നിലവാരവും സമ്പന്ധിച്ച കാഴ്ചപ്പാട്

- ഐടി അധിഷ്ഠിത സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി കണ്ടും കേട്ടും പ്രവർത്തിച്ചും പഠിക്കുന്നതിനുള്ള പഠനബോധന രീതികളും പഠനോപാധികളും വിവിധ സാങ്കേതിക വിദ്യാ സങ്കേതങ്ങളും ലഭ്യമാക്കും. പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്ക് ഉൾപ്പെടെ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തുകയും അങ്ങനെ ലോകോത്തര മാതൃകയിൽ ഉന്നത നിലവാരത്തിലുള്ള വിദ്യാർത്ഥികളെ വാർത്തെടുക്കുകയും ചെയ്യും.

## മതേതര ജനാധിപത്യ സംസ്കാരത്തിൽ അധിഷ്ഠിതമായ മൂല്യബോധം സംബന്ധിച്ച കാഴ്ചപ്പാട്

- മതനിരപേക്ഷ ജനാധിപത്യ സംസ്കാരം വികസിപ്പിക്കുന്നതിനാവശ്യമായ മൂല്യബോധം സിദ്ധിച്ചവരായിരിക്കും വിദ്യാർത്ഥികൾ.

## [illegible]

- മത്സരാധിഷ്ഠിത ലോകത്തിൽ അതിജീവനത്തിന് ആവശ്യമായ അറിവും, ആത്മവിശ്വാസവും ആർജ്ജിച്ച മതനിരപേക്ഷ ജനാധിപത്യബോധം, തുല്യ സഹവർത്തിത്വം, സഹകരണം, അനുതാപം ഇടങ്ങി യ ജനാധിപത്യ സമൂഹത്തിന്റെ വളർച്ചക്കാവശ്യമായ മൂല്യബോധം നേടിയവരായിരിക്കും വിദ്യാർത്ഥികൾ.

## പൊതുലക്ഷ്യങ്ങൾ

- എല്ലാ കുട്ടികളുടെയും എല്ലാ വൈഭവങ്ങളും അതിന്റെ പൂർണ്ണതയിലേക്ക് വികസിപ്പിക്കുക.
- കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ പഠനനേട്ടങ്ങളും എല്ലാ കുട്ടികൾക്കും ലഭ്യമാക്കുക.
- മികച്ച ശാരീരിക മാനസിക വൈകാരിക ആരോഗ്യം ഉറപ്പാക്കുക.
- മാതൃഭാഷയോടൊപ്പം ഇംഗ്ലീഷ്, ഹിന്ദി എന്നീ ഭാഷകളിൽ ഉയർന്ന ശേഷി കൈവരിക്കുക.
- ആരോഗ്യകരമായ സ്ത്രീപുരുഷ ബന്ധത്തെക്കുറിച്ചും തുല്യതയെക്കുറിച്ചും ലിംഗസമത്വത്തെക്കുറിച്ചുമുള്ള കാഴ്ചപ്പാട് സ്കൂൾ ഘട്ടത്തിൽ തന്നെ രൂപപ്പെടുത്തുക.
- സംഘപഠനമുൾപ്പെടെയുള്ള വൈവിധ്യമാർന്ന മാർഗ്ഗങ്ങളിലൂടെ ആർജ്ജിക്കുന്ന അറിവുകളെയും കഴിവുകളെയും വ്യക്തിഗതമായി വിലയിരുത്തുന്ന രീതി അവലംബിക്കുക.
- കുട്ടികളിൽ പരസ്പരാശ്രയത്തിന്റെയും സൗഹൃദത്തിന്റെയും മനോഭാവം വളർത്തുക.
- തുടർച്ചയായതും സമഗ്രവുമായ മൂല്യനിർണ്ണയ പ്രക്രിയ വിലയിരുത്തലിന്റെ അവിഭാജ്യഘടകമായി മാറ്റുക.
- പഠനത്തിൽ പരിസരസാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തി സ്കൂൾ കാമ്പസിനെ ഒരു പഠന പാർക്കായി വികസിപ്പിക്കുകയും അതിന്റെ ഭാഗമായി സ്കൂൾ കാമ്പസിനെ ജൈവവൈവിധ്യ

ഉദ്യാനമായി മാറ്റുകയും ചെയ്യുക.

- പാരിസ്ഥിതിക അവബോധം, സാമൂഹിക അവബോധം, ശുചിത്വബോധം, ശാസ്ത്രാവബോധം എന്നിവ ഉളവാക്കാൻ ആവശ്യമായ അനുഭവങ്ങൾ പ്രദാനം ചെയ്യുക.

- പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്കുൾപ്പെടെ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാ സാധ്യതകൾ പഠനപ്രവർത്തനത്തിനായി വിനിയോഗിക്കുക.

- ഒന്നു മുതൽ പത്തു വരെ പഠിക്കുന്ന കുട്ടികളുടെ അറിവും കഴിവും ധാരണകളും എത്രമാത്രം പ്രായാനുസൃതമായി വികസിക്കണം എന്ന് ശാസ്ത്രീയമായി തിട്ടപ്പെടുത്തി സമയബന്ധിതമായ പ്രവർത്തനങ്ങളിലൂടെ അവരെ ഉന്നത നിലവാരത്തിലെത്തിക്കുക.

- വിദ്യാലയ പ്രവർത്തനങ്ങൾക്ക് പിന്തുണയും ശ്രദ്ധയുറപ്പാക്കാൻ ജനകീയസംവിധാനങ്ങൾ ശക്തിപ്പെടുത്തുക.

- നമ്മുടെ സംസ്കാരത്തിന് യോജിച്ച മൂല്യങ്ങളും മനോഭാവങ്ങളും വളർത്തുക.

- എല്ലാത്തരം വിവേചനങ്ങൾക്കും എതിരായ മനോഭാവം വളർത്തുക.

- കുട്ടികളുടെ സർഗ്ഗാത്മകവും അക്കാദമികവും കായികവുമായ കഴിവുകൾ പരിപോഷിപ്പിച്ച് സംസ്ഥാന ദേശീയ, അന്തർദേശീയതലത്തിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കുക.

- പാർശ്വവൽക്കരിക്കപ്പെട്ടവരുടെ മക്കളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഉയർത്തുക.

- പ്രത്യേക പരിഗണന അർഹിക്കുന്നവർക്ക് പ്രത്യേക പരിശീലനം നൽകി സമൂഹത്തിൽ ജീവിക്കുന്നതിന് പ്രാപ്തരാക്കുക.

# മലയാളം

"മികവ്"

**ലക്ഷ്യം**

➢ മലയാള ഭാഷാപഠനത്തിലെ അടിസ്ഥാന ആശയങ്ങളിലും ശേഷികളിലും പരിമിതിയുള്ള കുട്ടികളെ അത് മറികടക്കാൻ പ്രാപ്തരാക്കുക.

**പ്രവർത്തനങ്ങൾ**

- അക്ഷരം ഉറപ്പാക്കൽ

  അക്ഷരകാർഡ് നൽകി അക്ഷരം തിരിച്ചറിഞ്ഞ് വായിക്കുന്നതിനും എഴുതുന്നതിനുമുള്ള പ്രവർത്തനങ്ങൾ നൽകുന്നു.

- അടയാളങ്ങൾ ഉറപ്പിക്കൽ

  വാക്കുകളിലൂടെയും ചെറുവാക്യങ്ങളിലൂടെയും അടയാളങ്ങൾ ഉറപ്പിക്കുന്നു.

- വാക്യങ്ങൾ രൂപീകരിക്കൽ

  അക്ഷരകാർഡിലൂടെ വാക്കുകൾ, വാക്കുകളിൽ നിന്ന് വാക്യങ്ങൾ രൂപീകരിക്കുന്നു.

- ചിത്രം നൽകി അടിക്കുറിപ്പ് തയ്യാറാക്കൽ

- കഥ പൂർത്തിയാക്കൽ

കഥ പറയുന്നു- എഴുതുന്നു

- കഥാപുസ്തക വായന
- പിന്നോക്കക്കാർക്ക് പ്രത്യേക ക്ലാസ്സ്

**ലക്ഷ്യങ്ങൾ**

- മികച്ച വായനാശീലം വികസിപ്പിക്കുക.
- ക്ലാസ്സ് ലൈബ്രറികൾ യാഥാർത്ഥ്യമാക്കുക.
- രചനാപരമായ കഴിവ് വളർത്തുക.

**പ്രവർത്തനങ്ങൾ**

- ക്ലാസ്സ് ലൈബ്രറികൾ യാഥാർത്ഥ്യമാക്കുക.
- സ്കൂൾ ലൈബ്രറി നവീകരണം
- പുസ്തകപാരായണ മത്സരം സംഘടിപ്പിക്കുന്നു.
- വായനാക്കുറിപ്പ് മത്സരം
- ദിനാചരണ പുസ്തകവായന

- വായനാദിനം - ജൂൺ 19
- ഉള്ളൂർ ചരമദിനം - ജൂൺ 5
- ബഷീർ ചരമദിനം - ജൂലൈ 5
- അയ്യപ്പ പണിക്കർ ചരമദിനം - ആഗസ്റ്റ് 23
- വള്ളത്തോൾ ജന്മദിനം - ഒക്ടോബർ 6
- വയലാർ ചരമദിനം - ഒക്ടോബർ 27
- കേരളപ്പിറവി - നവംബർ 1
- ആശാൻ ചരമദിനം - ജനവരി 16
- ശങ്കരക്കുറുപ്പ് ചരമദിനം - ഫെബ്രുവരി 2

ഇടങ്ങിയ ദിനാചരണങ്ങളോടനുബന്ധിച്ച് പ്രത്യേക അസംബ്ലി, പുസ്തകവായന, വായനാക്കുറിപ്പ് തയ്യാറാക്കൽ എന്നിവ നടത്തുന്നു.

- പ്രാദേശിക ലൈബ്രറി സന്ദർശനം

## ഇംഗ്ലീഷ്

### ലക്ഷ്യങ്ങൾ

- ഇംഗ്ലീഷ് ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും ശേഷി വികസിപ്പിക്കുക.

- ഇംഗ്ലീഷ് പഠനാന്തരീക്ഷം സൃഷ്ടിക്കുക.

### പ്രവർത്തനങ്ങൾ

- ഇംഗ്ലീഷ് ഭാഷാപഠനത്തിലെ പ്രശ്നങ്ങളും പരിമിതികളും കണ്ടെത്തുന്നു.

- അവ പരിഹരിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ തയ്യാറാക്കുന്നു.

- ഇംഗ്ലീഷ് അസംബ്ലി-ആഴ്ചയിൽ ഒരു ദിവസം അസംബ്ലിയിലെ മുഴുവൻപരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നു. അതത് ക്ലാസ്സ് ടീച്ചറിന്റെ ഉത്തരവാദിത്വത്തോടുകൂടി ഓരോ ക്ലാസ്സിനും മാറി മാറി ചുമതല നൽകുന്നു.

- ഡയറിക്കുറിപ്പ് തയ്യാറാക്കൽ

  ഓരോ ദിവസവും വീട്ടിലും വിദ്യാലയത്തിലും നടക്കുന്ന സംഭവങ്ങളുടെ ചുരുക്കം ഇംഗ്ലീഷ് ഡയറിയിൽ എഴുതുക. ആഴ്ചയിൽ 3 ദിവസമായി പിന്നീട് പ്രവർത്തനങ്ങളെ ചുരുക്കാവുന്നതാണ്

- ഇംഗ്ലീഷ് [illegible]

മാസത്തിൽ ഒരു ദിവസം ഓരോ ക്ലാസ്സിലെയും കുട്ടികൾക്ക് സ്കിറ്റ്, കോൺവർസേഷൻ, ഇടങ്ങിയവ അവതരിപ്പിക്കുന്നതിനുള്ള അവസരം നൽകുന്നു.

- പതിപ്പുകൾ, മാഗസിൻ നിർമ്മാണം

ക്ലാസ്സടിസ്ഥാനത്തിൽ പതിപ്പുകൾ നിർമ്മിക്കുക. യു. പി., ഹൈസ്കൂൾ തലത്തിൽ മാഗസിൻ നിർമ്മിക്കുക.

- ഭാഷാകേളികൾ

മാസം തോറും ലാംഗ്വേജ് ഗെയിംസ്, പസിൽസ് എന്നിവ നിർമ്മിക്കുകയും അവതരിപ്പിക്കുകയും ചെയ്യുന്നു.

- ഇംഗ്ലീഷ് വാർത്താ ബോർഡ്

സ്കൂളിൽ പൊതുവായി ഇംഗ്ലീഷ് വാർത്തകൾ പ്രദർശിപ്പിക്കുന്നതിനായി ഒരു ബോർഡ് സ്ഥാപിക്കുന്നു. ഓരോ ദിവസത്തേയും ചുമതല ഓരോ ക്ലാസ്സിനും നൽകുന്നു.

- ഇംഗ്ലീഷ് ക്വിസ്സ്

ചോദ്യങ്ങൾ ഇംഗ്ലീഷ് വാർത്താബോർഡിൽ ആഴ്ചയിൽ ഒരു ദിവസം പ്രദർശിപ്പിക്കുന്നു. അന്ന് തന്നെ ഉത്തരങ്ങൾ എഴുതി ആൻസർ ബോക്സിൽ നിക്ഷേപിപ്പിക്കുന്നു. ശരിയായ ഉത്തരം എഴുതിയവർക്ക് നറുക്കെടുപ്പിലൂടെ സമ്മാനം നൽകുന്നു.

- പത്രവായന .

എല്ലാ ദിവസവും ക്ലാസ്സിൽ ഇംഗ്ലീഷ് പത്രത്തിലെ പ്രധാനവാർത്തകൾ വായിക്കുന്നു.

- ലാംഗേജ് ലാബ്

കമ്മ്യൂണിക്കേഷൻ സ്കിൽ വളർത്തുന്നതിന് ആധുനിക സജ്ജീകരണങ്ങളോടു കൂടിയ ലാംഗേജ് ലാബ് എല്ലാ ക്ലാസ്സുകാർക്കും പ്രയോജനപ്പെടുന്ന രീതിയിൽ സജ്ജീകരിക്കുന്നു.

- ഇംഗ്ലീഷ് ഫോർ എ ഡേ

ആഴ്ചയിൽ ഒരു ദിവസം ഇംഗ്ലീഷ് സംസാരിക്കുന്നതിനുള്ള ദിവസമായി തെരഞ്ഞെടുക്കുന്നു.

# ഹിന്ദി

## ലക്ഷ്യങ്ങൾ

- എല്ലാ കുട്ടികളിലും ഉച്ചാരണ ശുദ്ധിയോടുകൂടി ഹിന്ദി വായിക്കാനുള്ള കഴിവ് വളർത്തുക.

- അക്ഷരതെറ്റ് കൂടാതെ എഴുതുന്നതിന് എല്ലാ കുട്ടികളേയും പ്രാപ്തരാക്കുക.

- സർഗാത്മക രചനകൾ പ്രോത്സാഹിപ്പിക്കുക.

- ഹിന്ദി പഠനത്തിൽ ഐ. സി. ടി. സാധ്യതകൾ പ്രയോജനപ്പെടുത്തുക.

## പ്രവർത്തനങ്ങൾ

- അക്ഷരകാർഡുകൾ നൽകി പദങ്ങൾ രൂപീകരിക്കൽ

പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് (എൽ. പി., യു.പി.) ഈ പ്രവർത്തനം നൽകുന്നു.

- ചിത്രത്തിന് പേര് നൽകൽ

- ചിത്രത്തിൽ നിന്നും വാക്യനിർമ്മാണം

- മോഡ്യൂൾ നിർമ്മാണം

- ഹിന്ദി അസംബ്ലി

- ഹിന്ദി കവിതയുടെ ഓഡിയോ കേൾക്കുന്നതിനും, സിനിമ, ഡോക്യുമെന്ററി എന്നിവ കാണുന്നതിനുള്ള അവസരമൊരുക്കുന്നു.
- ഹിന്ദി ക്ലബ്
- ഹിന്ദി പ്രസിദ്ധീകരണങ്ങൾ വായിക്കുന്നതിന് അവസരം നൽകുന്നു.
- പദപ്രശ്നങ്ങൾ തയ്യാറാക്കി പൂർത്തിയാക്കുന്ന പ്രവർത്തനം
- ഹിന്ദി കൈയെഴുത്തുമാസിക
- ഹിന്ദി ഫെസ്റ്റ്
- സാഹിത്യ രചനകളിൽ പങ്കെടുത്ത് മികച്ച വിജയം നേടുന്നവർക്ക് ഉയർന്നതലത്തിലുള്ള മത്സരങ്ങളിൽ പങ്കെടുക്കുന്നതിന് പരിശീലനം നൽകുന്നു.
- സ്കിറ്റുകൾ തയ്യാറാക്കി പൊതു വേദിയിൽ അവതരിപ്പിക്കുന്നതിന് കുട്ടികൾക്ക്പ്രത്യേക പരിശീലനം
- സർഗ്ഗാത്മക രചനകൾ നടത്തുന്നതിനും പ്രസിദ്ധീകരിക്കുന്നതിനുമുള്ള അവസരം കൊടുക്കുന്നു.

# സയൻസ്

ശാസ്ത്രകൗതുകം - ശാസ്ത്രപഠനം പ്രക്രിയാ ബന്ധിതമാണ്. അതിൽ പരീക്ഷണങ്ങൾക്ക് വളരെയധികം പ്രാധാന്യമുണ്ട്. അന്വേഷണാത്മക പഠനം അർത്ഥവത്താകണമെങ്കിൽ ഓരോ കുട്ടിയും ശാസ്ത്രത്തെ താൽപര്യത്തോടെ സമീപിക്കേണ്ടതുണ്ട്. അതിനായി സയൻസ് ഫോർ ഫൺ എന്ന ശാസ്ത്ര പ്രദർശനം സയൻസ് ക്ലബിന്റെ നേതൃത്വത്തിൽ നടത്തുന്നു.

## ലക്ഷ്യങ്ങൾ

- ശാസ്ത്രപഠനത്തിൽ താൽപര്യം വളർത്തുക, ശാസ്ത്രീയ മനോഭാവം, ശാസ്ത്രാവബോധം എന്നിവ വികസിപ്പിക്കുക.
- ശാസ്ത്ര പഠനരീതി ബോധ്യമാക്കി അത് സ്വായത്തമാക്കാനുള്ള അനുഭവങ്ങൾ ഒരുക്കുക.
- കുട്ടികളിൽ പാരിസ്ഥിതികാവബോധം വളർത്തി പരിസ്ഥിതി സംരക്ഷണപ്രവർത്തനങ്ങളിൽ അവരെക്കൂടി പങ്കാളികളാക്കുക.

## പ്രവർത്തനങ്ങൾ

- സയൻസ് ലാബ് സജ്ജീകരിക്കൽ
- പഠനോപകരണനിർമ്മാണം-5 മുതൽ 10 വരെ ക്ലാസ്സുകൾക്കാവശ്യമായ പഠനോപകരണങ്ങൾ തദ്ദേശീയമായ വിഭവങ്ങൾ ഉപയോഗിച്ച് ചിലവ് കുറഞ്ഞരീതിയിൽ നിർമ്മിക്കാനുള്ള പരിശീലനം.
- ശാസ്ത്രവുമായി ബന്ധപ്പെട്ട നൂതന ആശയങ്ങളും വാർത്തകളും അസംബ്ലിയിൽ പരിചയപ്പെടുത്തുന്നു.

- യു. പി. തലം മുതൽ എല്ലാ കുട്ടികൾക്കും സയൻസ് കിറ്റ് ലഭ്യമാക്കുന്നു.
- വ്യക്തിഗതമായി പരീക്ഷണം ചെയ്യാനുള്ള അവസരം കുട്ടികൾക്ക് ലഭ്യമാക്കുന്നു.
- ഓരോ ക്ലാസ്സിലും മികച്ച പരീക്ഷണക്കുറിപ്പുകൾക്ക് പ്രോത്സാഹന സമ്മാനം.
- ഓരോ അധ്യയന വർഷത്തിന്റെയും അവസാനം അതത് ക്ലാസ്സുകളിലെ മുഴുവൻ പരീക്ഷണക്കുറിപ്പുകളും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള കൈപ്പുസ്തകം -'ജ്വാല' തയ്യാറാക്കൽ
- ക്ലാസ്സിൽ പിയർ ഗ്രൂപ്പിന്റെ സഹായത്തോടെ പഠന പിന്നോക്കാവസ്ഥയിലുള്ള വിദ്യാർത്ഥികളെ മുൻനിരയിൽ എത്തിക്കാനുള്ള പ്രവർത്തനങ്ങൾ.

## <u>ക്ലബ് പ്രവർത്തനങ്ങൾ</u>

- വിവിധ ദിനാചരണങ്ങൾ
- സയൻസ് മാഗസിൻ നിർമ്മാണം.
- വിവിധ മേഖലകളിലെ പ്രമുഖ വ്യക്തികളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ബോധവത്കരണക്ലാസ്സുകൾ.
- ഫീൽഡ് ട്രിപ്പ്
- പ്രമുഖരായ വ്യക്തികളുടെ നാട്ടറിവുകൾ പരിചയപ്പെടാനുള്ള വേദിയൊരുക്കൽ

- നിത്യജീവിതവുമായി ബന്ധപ്പെട്ട ശാസ്ത്രീയ അറിവുകൾ പൊതുജനങ്ങൾക്ക് പരിചയപ്പെടുന്നു.

- ശാസ്ത്രമേളകളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് ആവശ്യമായ സഹായവും വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങളും നൽകുന്നു.

- ശാസ്ത്രാഭിമുഖ്യം വളർത്തുന്നതിനായി സയൻസ് ഫോർ ഫൺ പ്രവർത്തനങ്ങൾ

- കുട്ടികളുടെ മേൽനോട്ടത്തിൽ ഔഷധത്തോട്ടം, ശലഭോദ്യാനം എന്നിവയുടെ നിർമ്മാണം.

- ഡ്രൈ ഡേ ആചരിക്കൽ

## പ്രതീക്ഷിക്കുന്ന മികവുകൾ

- കുട്ടികളിൽ ശാസ്ത്രാവബോധം വളർത്തുന്നു.

- മുന്നൊരുക്കങ്ങൾ, കൃത്യത, സൂക്ഷ്മത, സുരക്ഷ, ഉപകരണങ്ങൾ കൈകാര്യം ചെയ്യൽ എന്നിവയിൽ ആത്മവിശ്വാസം വളർത്തുന്നു.

- വസ്തുക്കൾ നിരീക്ഷിച്ച് അപഗ്രഥിക്കുന്നതിനും കൃത്യമായ നിഗമനത്തിൽ എത്തിച്ചേരുന്നതിനും പ്രാപ്തരാകുന്നു.

- പഠിച്ചവ സയൻസ് ഡയറിയിലും രേഖപ്പെടുത്തുന്നതിലൂടെ ഭാഷാശേഷി വർദ്ധിക്കുന്നു.

# സോഷ്യൽ സയൻസ്

## ലക്ഷ്യങ്ങൾ

- സാമൂഹ്യശാസ്ത്രത്തിൽ വൈഭവമുള്ള കുട്ടികളെ അതിന്റെ പൂർണ്ണതയിൽ എത്തിക്കുക.

## പ്രവർത്തനങ്ങൾ

- വൈഭവങ്ങൾ കണ്ടെത്തൽ
- വൈഭവങ്ങൾക്ക് അനുസരിച്ച് പ്രവർത്തനങ്ങൾ ക്രോഡീകരിക്കുന്നു.
- ലൈബ്രറി നവീകരണം
- അറ്റ്ലസ് നിർമ്മാണം
- മോക്ക് പാർലമെന്റ് സംഘടിപ്പിക്കുക.

  കുട്ടികളെ തെരഞ്ഞെടുത്ത് ഡ്യൂട്ടി തരംതിരിച്ച് കൊടുക്കുന്നു. (സ്പീക്കർ, മുഖ്യമന്ത്രി, മന്ത്രിമാർ, ...) ചോദ്യോത്തരവേള, ബിൽ അവതരണം തുടങ്ങിയവ നടത്തുന്നു.

- പുതിയ ഐ.സി. ടി. വിഭവങ്ങൾ നിർമ്മിക്കുന്നതിന് കുട്ടികളെ പ്രാപ്തരാക്കുക.

  8, 9, 10 ക്ലാസുകളിലെ കുട്ടികൾക്ക് ഓരോ യൂണിറ്റുകൾ നൽകി ക്ലാസുകളിലെ പാഠഭാഗങ്ങളിലെ ഐ.സി.ടി. വിഭവങ്ങൾ നിർമ്മിക്കുന്നു.

- ചോദ്യബാങ്ക് നിർമ്മാണം

8, 9, 10 ക്ലാസ്സുകളിലെ കുട്ടികൾക്ക് ഓരോ യൂണിറ്റുകൾ നൽകി ക്ലാസ്സുകളിലെ പാഠഭാഗങ്ങളിലെ ചോദ്യങ്ങൾ തയ്യാറാക്കി അവ ക്രോഡീകരിച്ച് ചോദ്യബാങ്ക് നിർമ്മിക്കുന്നു.

- സാമൂഹ്യശാസ്ത്ര പതിപ്പുകൾ, മാഗസിൻ എന്നിവ നിർമ്മിക്കുക. പതിപ്പുകൾ ക്ലാസ്സ് തലത്തിലും മാഗസിൻ സ്കൂൾ തലത്തിലും തയ്യാറാക്കുന്നു.

- ഡിബേറ്റ് ഫോറം, പ്രസംഗ ക്ലബ് എന്നിവ സംഘടിപ്പിക്കുന്നു.

**ലക്ഷ്യങ്ങൾ**

➢ സാമൂഹത്തെ അറിയുന്നതിനും ഭൂമിയെ അറിയുന്നതിനുമുള്ള കഴിവും മനോഭാവവും വളർത്തുക.

➢ സാമൂഹിക പാരിസ്ഥിതിക അവബോധം വളർത്തുക.

**പ്രവർത്തനങ്ങൾ**

- ദിനാചരണങ്ങൾ ആചരിക്കൽ

- ചിത്ര പോസ്റ്റർ നിർമ്മാണം ബോധവൽക്കരണ ക്ലാസ്സ് തുടങ്ങിയവ സംഘടിപ്പിക്കുന്നു.

- സ്കൂൾ ഉൾപ്പെടുന്ന വാർഡിൽ സർവ്വേ സംഘടിപ്പിക്കുക.

- ഫീൽഡ് ട്രിപ്പ്
- പാരിസ്ഥിതിക പ്രശ്നങ്ങൾ കണ്ടെത്തുകയും അവ പരിഹരിക്കാനുള്ള ശ്രമവും
- സ്കൂൾ ഉൾപ്പെടുന്ന വാർഡിനെ പ്ലാസ്റ്റിക് വിമുക്തമാക്കൽ.
- സമീപത്തെ കുളങ്ങൾ, ചിറകൾ വൃത്തിയാക്കൽ.
- അനാഥാലയങ്ങൾ വൃദ്ധസദനങ്ങൾ എന്നിവ സന്ദർശിക്കുക.

# ഗണിതം

## ലക്ഷ്യങ്ങൾ

- ഗണിതത്തിൽ പ്രതിഭയുള്ള കുട്ടികളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കൽ.

## പ്രവർത്തനങ്ങൾ

- ക്ലാസ്സ് തലത്തിൽ നിന്നും കുട്ടികളെ കണ്ടെത്തി ഗണിതക്ലബ് രൂപീകരിക്കുക.
- സെമിനാർ
- ഗണിതജ്ഞരെ അറിയൽ
- ഗണിതശാസ്ത്രജ്ഞന്മാരുടെ ജന്മദിനാഘോഷ ദിനാചരണങ്ങൾ
- ഗണിതലൈബ്രറി പ്രയോജനപ്പെടുത്തിക്കൊണ്ട് ഗണിതശാസ്ത്രജ്ഞന്മാരുടെ വിവര ശേഖരണം.
- ഗണിത ക്വിസ്സ്
- ആഴ്ചയിൽ ഒരിക്കൽ ഒരു പസിൽ വീതം ഗണിതബോർഡിൽ പ്രദർശിപ്പിക്കൽ.
- 5 മുതൽ 10 വരെയുള്ള കുട്ടികൾക്ക് പ്രയോജനപ്പെടുന്ന തരത്തിൽ ഗണിതലാബ് സജ്ജീകരിക്കൽ.
- പസിലുകൾ, പാറ്റേണുകൾ നിർമ്മിക്കൽ

- ഗണിത മാഗസിൻ നിർമ്മിക്കൽ

## ലക്ഷ്യങ്ങൾ

- ഗണിതത്തിലെ അടിസ്ഥാന ആശയങ്ങളിലും മനോഭാവങ്ങളിലും പരിമിതി ഉള്ള കുട്ടികളെ പരിഹരിക്കാൻ സഹായിക്കുക.

## പ്രവർത്തനങ്ങൾ

- ഗണിത പ്രവർത്തനങ്ങൾ നൽകി പരിമിതികൾ കണ്ടെത്തുന്നു.

- ഗണിതലാബ് സജ്ജീകരിക്കുക.

- കുട്ടികളെ പഠനത്തിൽ സഹായിക്കുന്നതിനായി ഗണിതോപകരണങ്ങളും ഗണിതപ്രവർത്തനങ്ങളും ഉൾപ്പെടുത്തിക്കൊണ്ട് ഗണിതലാബ് സജ്ജീകരിക്കുന്നു.

- ഗണിതരൂപങ്ങൾതിരിച്ചറിഞ്ഞ് നിർമ്മാണപ്രവർത്തനങ്ങൾ നൽകുന്നു.

- ഗണിത ക്ലബ്ബിന്റെ നേതൃത്വത്തിൽ ഗണിതരൂപങ്ങൾ തിരിച്ചറിഞ്ഞ് പഠിക്കുന്നതിന് അവസരം നൽകുന്നു.

- ഗണിത ചിത്രങ്ങൾ

- ഗണിതരൂപങ്ങളുടെ നിർമ്മാണം, കണക്കിലെ കളികൾ, പാറ്റേണുകൾ നിർമ്മിക്കൽ

- വ്യത്യസ്ത അളവുകൾ പരിചയപ്പെടുത്തുന്നു.
- ഭാരം, നീളം, ഉള്ളളവ് എന്നിവ കൃത്യപ്പെടുത്തി ഏകകങ്ങൾ പരിചയപ്പെടുത്തുന്നു.
- പഠനോപകരണനിർമ്മാണം
- ഐ. സി. ടി. സാധ്യതകൾ ഉപയോഗിക്കുന്നു.

## ജൈവ വൈവിധ്യ പാർക്ക്

- 'പ്രകൃതിയാണ് ഏറ്റവും വലിയ പാഠപുസ്തകം' എന്ന ആശയമാണ് ജൈവ വൈവിധ്യ ഉദ്യാനത്തിന്റെ ലക്ഷ്യം.

## കായിക പരിശീലനം

### ലക്ഷ്യങ്ങൾ

- എല്ലാകുട്ടികളുടേയും കായികക്ഷമത വികസിപ്പിക്കുക.
- കായിക പരിശീലനത്തിലൂടെ കുട്ടികളുടെ മാനസിക, ശാരീരിക ആരോഗ്യമുള്ളവരാക്കി മാറ്റുക.
- കുട്ടികളിൽ ഏകാഗ്രതയും ബൗദ്ധികമായ ഉണർവും ഉളവാക്കുക.

### പ്രവർത്തനങ്ങൾ

- കുട്ടികൾക്ക് കായിക പരിശീലനം നൽകുന്നു.
- യോഗ പരിശീലനം – ആഴ്ചയിൽ ഒരു ദിവസം പ്രത്യേക അദ്ധ്യാപകനെ ഉപയോഗിച്ചുകൊണ്ട് നടത്തുന്നു.

# കല -പ്രവൃത്തി പരിചയം

കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ പോഷിപ്പിക്കൽ

## ലക്ഷ്യങ്ങൾ

- കുട്ടികളുടെ സർഗ്ഗാത്മകമായ കഴിവുകൾ കണ്ടെത്തുക.
- വൈഭവങ്ങൾക്കനുസരിച്ച് തരംതിരിച്ച് വൈഭവങ്ങൾ പോഷിപ്പിക്കുന്നു.
- പ്രവൃത്തിപരിചയ പരിശീലനം നൽകുക.
- പ്രവർത്തനങ്ങൾ
- കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ കണ്ടെത്തി തരം തിരിക്കുന്നു.

സംഗീതം, നൃത്തം, ചിത്രകല, കരകൗശലവസ്തുക്കളുടെ നിർമ്മാണം, വാദ്യോപകരണങ്ങളിലെ താത്പര്യം എന്നിവയുടെ അടിസ്ഥാനത്തിൽ ഗ്രൂപ്പുകളാക്കുന്നു.

- ചോക്കനിർമ്മാണം, സോപ്പുനിർമ്മാണം, പേപ്പർ ക്രാഫ്റ്റ്, ഫയൽബോർഡ്, തുടങ്ങിയവയിൽ പ്രത്യേക പരിശീലനം നൽകുന്നു.

# ഭിന്നശേഷി വിദ്യാർത്ഥികളുടെ വികസനം

## ലക്ഷ്യങ്ങൾ

- ഭിന്നശേഷി വിദ്യാർത്ഥികളുടെ ശാരീരിക പഠന പരിമിതികളെ മറികടന്ന് മുന്നേറുവാൻ പ്രാപ്തരാക്കുക.
- സവിശേഷകഴിവുകളെ പ്രോത്സാഹിപ്പിക്കുക.
- പഠനം ആകർഷകവും ആസ്വാദ്യപരവുമാക്കുക.

## പ്രവർത്തനങ്ങൾ

- രക്ഷിതാക്കൾക്ക് ബോധവത്ക്കരണം നൽകുന്നു.
- ശാസ്ത്ര പരീക്ഷണങ്ങൾ, ഫീൽഡ് ട്രിപ്പ് എന്നിവ സംഘടിപ്പിക്കുന്നു.
- ഏകദിന പഠനോത്സവം - ഭിന്ന ശേഷിക്കാരായഎല്ലാ വിദ്യാർത്ഥികളേയും സംഘടിപ്പിച്ചുകൊണ്ട് ഒരു ദിവസത്തെ പഠനോത്സവം.
- തൊഴിൽ പരിശീലന ശില്പശാല
- കലാകായിക പ്രവർത്തനങ്ങളിൽ പങ്കാളിത്തം നൽകുന്നു.

## പ്രതീക്ഷിത നേട്ടങ്ങൾ

- ഒന്നു മുതൽ പത്ത് വരെയുള്ള എല്ലാ കുട്ടികളും പ്രതീക്ഷിത നിലവാരത്തിലുള്ള ധാരണകളും ശേഷികളും നേടുന്നു.
- മതനിരപേക്ഷ ജനാധിപത്യ സംസ്കാരം സൃഷ്ടിക്കപ്പെടും.
- ശരിയായ മൂല്യങ്ങളും മനോഭാവങ്ങളും വളർത്തിയെടുക്കും.
- പാരിസ്ഥിതിക അവബോധം, സാമൂഹികാവബോധം, ശാസ്ത്രാവബോധം തുടങ്ങിയവ വളർത്തിയെടുക്കും.
- മലയാളഭാഷയ്ക്കൊപ്പം ഇംഗ്ലീഷ്, ഹിന്ദി എന്നീ ഭാഷകളിലും ഉയർന്ന ശേഷി കൈവരിക്കും.
- കലാകായിക പ്രവൃത്തിപരിചയമേഖലകളിലെ കഴിവുകൾ വികസിപ്പിക്കും.
- ഭിന്ന ശേഷിക്കാരെ സമൂഹത്തിൽ ജീവിക്കാൻ പ്രാപ്തരാക്കും.
- മികച്ച ശാരീരിക-മാനസിക-വൈകാരിക ആരോഗ്യം ഉറപ്പാക്കും.
- വിദ്യാലയപ്രവർത്തനങ്ങൾക്ക് ജനകീയ സംവിധാനങ്ങൾ ശക്തിപ്പെടുത്തും.

## മോണിറ്ററിംഗ്

### ദൈനംദിന മോണിറ്ററിംഗ്

ഹെഡ്മാസ്റ്റർ, എസ്. ആർ. ജി. കൺവീനർ, സീനിയർ അസിസ്റ്റന്റ് എന്നിവരുടെ നേതൃത്വത്തിൽ ദൈനംദിന മോണിറ്ററിംഗ് നടത്താം. സമിതി ദൈനംദിന അക്കാദമിക പ്രവർത്തനങ്ങൾ കൃത്യമായി നടന്നുവെന്ന് ഉറപ്പ് വരുത്തുന്നു.

### സ്കൂൾതല മോണിറ്ററിംഗ്

ഹെഡ്മാസ്റ്റർ, എസ്. ആർ. ജി. കൺവീനർ, സീനിയർ അസിസ്റ്റന്റ്, പി.ടി.എ. പ്രസിഡന്റ്, എം.പി.ടി.എ., എസ്.എം.സി., എസ്.എം.ഡി.സി. ചെയർമാന്മാർ എന്നിവർ അടങ്ങുന്ന സമിതി മാസത്തിൽ ഒരു തവണ യോഗം ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തി നിർദ്ദേശങ്ങൾ എല്ലാ അധ്യാപകർക്കും നൽകുന്നു.

- എസ്.ആർ.ജി. ൽ ഇക്കാര്യങ്ങൾ ചർച്ച ചെയ്ത് തുടർപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു.
- ഓരോ മാസവും വിദ്യാലയം കൈവരിച്ച മികവുകൾ ഹെഡ്മാസ്റ്റർ യോഗത്തിൽ അവതരിപ്പിക്കുന്നു.
- മാർച്ച് മാസത്തിൽ സ്കൂൾ വാർഷികപൊതുയോഗം സംഘടിപ്പിച്ച് ഒരു വർഷത്തെ അക്കാദമിക നേട്ടകോട്ടങ്ങൾ വിശകലനം ചെയ്യുന്നു.

## ഉപസംഹാരം

ഓരോ വിദ്യാർത്ഥിയും പ്രതിഭകളാണ്. ഓരോരുത്തരുടേയും തനതു ശേഷികൾ കണ്ടെത്തി വികസിപ്പിച്ചെടുക്കേണ്ടത് അനിവാര്യമാണ്. അവരുടെ കഴിവുകളും താല്പര്യങ്ങളും കണ്ടെത്തി പരിപോഷിപ്പിക്കാതിരുന്നാൽ അത് അവരിൽ ആത്മവിശ്വാസക്കുറവും അപകർഷതാബോധവും സൃഷ്ടിക്കും. തൽഫലമായി വിദ്യാർത്ഥിക്കും സമൂഹത്തിനും നഷ്ടങ്ങൾ ഉണ്ടാവുകയും ചെയ്യും. കുട്ടികളിൽ ഒളിഞ്ഞിരിക്കുന്ന പ്രതിഭയെ കണ്ടെത്തുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്നതാണ് ഓരോ അദ്ധ്യാപകന്റെയും ധർമ്മം. അതുവഴി ഏറ്റവും മികച്ചൊരു പുതുതലമുറയേയും, മൂല്യബോധവും ലക്ഷ്യബോധവുമുള്ള നല്ലൊരു സമൂഹത്തെയും വാർത്തെടുക്കുവാൻ സാധിക്കും. ഈ ലക്ഷ്യം കൈവരിക്കുന്നതിനു വേണ്ടി നിരവ് [illegible] മാസ്റ്റർ പ്ലാൻ സമൂഹത്തിനു മുൻപിൽ സവിനയം സമർപ്പിക്കുന്നു.

# മേഖല- ഹൈസ്കൂൾ -സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1.പഠിതാക്കളെ ചരിത്രബോധമുള്ളവരാക്കുക. ചരിത്ര ബോധത്തിൽനിന്നും ഭാവി രൂപപ്പെടുത്തുക | കാടും മേടും: ചരിത്രപ്രാധാന്യമുള്ള സ്ഥലത്തേക്ക് ഫീൽഡ്ട്രിപ്പുകൾ സംഘടിപ്പിക്കുന്നു | നിശ്ചയിച്ച തീയതികളിൽ നടത്തുന്നു | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 2. ജനാധിപത്യം ഒരു ജീവിത ശൈലിയായി മാറ്റിയെടുക്കുക. പൗരബോധം,മൂല്യബോധം ഇവ വളർത്തുക | ഒന്നായി നമ്മൾ: സ്കൂൾ പാർലമെന്റ്, മോക്ക്പാർലമെന്റ, പൗരബോധം,സാമൂഹ്യ സേവനം ഇവക്കായുള്ള പ്രവർത്തനങ്ങൾ നടത്തുന്നു | അക്കാദമിക വർഷത്തിലെ പ്രത്യേകം തിരഞ്ഞെടുത്ത ദിവസങ്ങളിൽ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | സ്കൂൾ, സുമനസ്സുകൾ |
| 3.സാമൂഹ്യ ശാസ്ത്രത്തിൽ പരീക്ഷണ നിരീക്ഷണം വളർത്തുക | സ്റ്റാർട്ട് അപ്പ്: ആകാശകാഴ്ചകൾ കൗതുകംഉണർത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നു | വർഷം മുഴുവനും | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | പിടിഎ |
| 4. മതേതരത്വം ,സഹിഷ്ണുത എന്നിവ വളർത്തി ക്രിയാത്മക പ്രവർത്തനത്തിലൂടെ വളരുക ,സാമൂഹ്യ പരിഷ്കർത്താക്കളെ പരിചയപ്പെടുക | ചരിത്രം ഉറങ്ങുന്ന മണ്ണിലൂടെ: സർവേ,പ്രൊജക്റ്റ്, ചർച്ചകൾ,സംവാദം, ക്ലാസുകൾ,അഭിമുഖങ്ങൾഎന്നിവയിലൂടെ കുട്ടികളെ വളർത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നു | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | സാമൂഹ്യശാസ്ത്ര ക്ലബ് |
| 5. ഭൂപടവായന കുട്ടികളിൽ വളർത്തുക,സ്ഥലനിർണയം നടത്തുവാൻ പഠിക്കുക എന്ന ലക്ഷ്യം കൈവരിക്കുക | പട്ടുപാതയിലൂടെ : ഭൂമിശാസ്ത്രപരമായ കാര്യങ്ങൾ പഠിക്കാൻ കുട്ടികളെ സഹായിക്കുന്നു.ഭൂപട വായന പ്രോത്സാഹിപ്പിക്കുന്ന കൂടുതൽ പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്നു ,അറ്റ്ലസ്,മാപ്പുകൾ | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

| | | | | |
|---|---|---|---|---|
| | ,ഗ്ലോബ് എന്നിവ പരിചിതമാക്കുന്നു | | | |
| 6. കുട്ടികളിൽ ഉന്നത വിജ്ഞാനം കൈവരിക്കാൻ ഉതകുന്ന പൊതുവിജ്ഞാനം വളർത്തുക | മൈ സിനിമ റൂം: സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട പൊതുവിജ്ഞാനമേഖല പരിപോഷിപ്പിക്കുന്ന ക്വിസുകൾ, പ്രശ്നോത്തരിദിനാചരണങ്ങൾ സംവാദംഎന്നിവയെക്കുറിച്ച് കൂടുതൽ വ്യക്തമായ ധാരണനൽകുക,വീഡിയോപ്രദർശനം, പ്രൊജക്റ്റ് റൂം, സിനിമ (ചരിത്ര സിനിമ) | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## ഗണിതശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിതത്തിലെ അടിസ്ഥാന ശേഷികൾ കൈവരിക്കൽ | ഗണിതത്തിലെ ചതുഷ് ക്രിയകളിൽ വ്യക്തമായ ധാരണ ഉറപ്പാക്കണം<br>സങ്കലന , ഗുണന പട്ടിക എദിസ്ഥമാക്കണം<br>സംഖ്യാ ബോധം ഉറപ്പിക്കുന്ന പ്രവർത്തനങ്ങൾ<br>നമ്പർ കാർഡ് - ചാർട്ട്<br>ഭിന്ന സംഖ്യകൾ ദശാംശ സംഖ്യകൾ എന്നിവയുടെ ചതുഷ് ക്രിയകൾ , ജ്യാമിതീയ ഉപകരണങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള ശേഷി കൈവരിക്കൽ . | ഒന്നാം ടേം<br>ഒന്നാം ടേം<br>ഒന്നാം ടേം<br>ഒന്നാം ടേം<br>ഒന്നാം ടേം | അദ്ധ്യാപിക<br>-<br>-<br>അദ്ധ്യാപിക<br>അദ്ധ്യാപിക | പി ടി എ |
| ഗണിതത്തിലെ പിന്നോക്കാവസ്ഥ പരിഹരിക്കാൻ | യൂണിറ്റ് ടെസ്റ്റുകളിലും ടേം മൂല്യനിര്ണയത്തിലും നിരന്തര മൂല്യനിർണ്ണയത്തിലും കണ്ടെത്തുന്ന പഠന പിന്തുണ ആവശ്യമായ കുട്ടികൾക്ക് പ്രത്യേക പ്രവർത്തനങ്ങൾ നൽകുന്നു. | വർഷം മുഴുവൻ | അദ്ധ്യാപിക<br>പ്രതിഭ ശാലികളായ വിദ്യാർത്ഥികൾ | പി ടി എ |
| സംഘ പഠനം , മികച്ച ഗ്രേഡ് ഉറപ്പാക്കൽ | സമഗ്ര റിസോഴ്സുകൾ , ഐ സി ടി സാദ്ധ്യതകൾ എന്നിവയിലൂടെ ഗണിത താത്പര്യം വർധിപ്പിച്ച് മികച്ച ഗ്രേഡ് ഉറപ്പിക്കുക | ജൂൺ - മാർച്ച് | അദ്ധ്യാപിക | പി ടി എ |
| ഗണിത മത്സര വേദിയിലേക്ക് ഒരുക്കം | ഗണിത ക്വിസ്സ് , വിവിധ ചാർട്ടുകൾ തയ്യാറാക്കൽ , പസിൽ , ഗെയിമുകൾ , പലതരം മോഡലുകൾ എന്നിവയിൽ പരിശീലനം നൽകുന്നു. ഗണിത മാഗസിൻ | ഓഗസ്റ്റ് - ഒക്ടോബർ | ഗണിത ക്ലബ്<br>അദ്ധ്യാപിക | പി ടി എ |
| ഗണിത പഠന പ്രവർത്തനങ്ങൾ | ഗണിത ക്ലബ്ബിന്റെ നേതൃത്വത്തിൽ പഠനോപകരണ നിർമ്മാണം , | ജനുവരി - മാർച്ച് | ഗണിത ക്ലബ്<br>അദ്ധ്യാപിക | പി ടി എ |

| | | | | |
|---|---|---|---|---|
| സുഗമമാക്കൽ | ഗണിതാ ലാബ് സജ്ജമാക്കൽ | | | |
| രക്ഷിതാക്കളെ ബോധവത്ക്കരിക്കൽ | മാസത്തിൽ ഒരു പി ടി എ | ജൂൺ - മാർച്ച് | അദ്ധ്യാപിക | പി ടി എ |

************************************

# HS സയൻസ്

## അക്കാദമിക് മാസ്റ്റർ പ്ലാൻ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കൗതുകം , ജിജ്ഞാസ , നിരീക്ഷണ പാടവം എന്നിവ പരിപോഷിപ്പിക്കുക | ലഘു പരീക്ഷണങ്ങൾ സഹപാഠികൾക്കു മുൻപിൽ കുട്ടികൾ തന്നെ കാണിച്ചു കൊടുക്കുവാൻ അവസരം നൽകുന്നു. മോഡലുകൾ നിർമ്മിക്കാൻ ആവശ്യമായ കാര്യങ്ങൾ പറഞ്ഞു കൊടുത്തു കുട്ടികളെക്കൊണ്ട് മോഡലുകൾ നിർമ്മിക്കുന്നു. പാഠഭാഗവുമായി ബന്ധപ്പെട്ട വസ്തുക്കളുടെ പ്രദർശനം | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | PTA |
| ശാസ്ത്രാന്വേഷണം നിരന്തരമായി അന്വേഷണം നടത്തുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്യാനുള്ള ശേഷി നേടുകയും ചെയ്യുന്നു. | ക്ലാസ്സുകളിൽ ലഘു പ്രൊജക്ടുകൾ സെമിനാർ പേപ്പറുകൾ എന്നിവ കൊടുത്തു മെച്ചപ്പെട്ടവ പൊതുവേദികളിൽ അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | PTA |
| മാനവികതയിൽ ഊന്നിയുള്ള ശാസ്ത്രാവബോധം വളർത്തുക | ദിനാചരണങ്ങൾ<br>ശാസ്ത്ര മാഗസിൻ നിർമ്മാണം<br>സയൻസ് ലാബ് നവീകരണം | അക്കാദമിക വർഷം | സയൻസ് അധ്യാപകർ<br>സയൻസ് ക്ലബ് | PTA |
| കൃഷി , ആരോഗ്യശാസ്ത്രം , പരിസ്ഥിതി സൗഹൃദ മനോഭാവം , എന്നിവയോടെ അനുകൂല മനോഭാവം വളർത്തുക | കൗമാര ആരോഗ്യ ക്ലാസുകൾ ശുചിത്വ ആരോഗ്യ ക്ലാസുകൾ ലഹരി വിരുദ്ധ ക്ലാസുകൾ സംഘടിപ്പിക്കുന്നു. ഇത്തരം പ്രക്രിയകളിൽ കുട്ടികളെ പങ്കാളികളാക്കുന്നു. (ഫ്ലാഷ് മോബുകൾ , പോസ്റ്ററുകൾ )<br>ക്ലാസ് മുറികളിൽ പ്ലാസ്റ്റിക് , പേപ്പർ വേസ്റ്റുകൾ ഇനം തിരിച്ചു ശേഖരിക്കുന്നു.<br>വൃക്ഷങ്ങൾ, പച്ചക്കറികൾ, ഔഷധ സസ്യങ്ങൾ എന്നിവ | അക്കാദമിക വർഷം | സയൻസ് അധ്യാപകർ<br>JRC<br>വിവിധ ക്ലബുകൾ | PTA |

| | | | | |
|---|---|---|---|---|
| | നട്ടുവളർത്തുകയും, ഉള്ളവയെ പരിപോഷിപ്പിക്കുകയും ചെയ്യുന്നു. | | | |
| മത്സര ശാസ്ത്രം , അന്വേഷണ ത്വര വർധിപ്പിക്കുക , പുതിയ അറിവ് നേടൽ | പുത്തൻ സാങ്കേതിക വിദ്യയും , പുതിയ കണ്ടെത്തലുകളും പരിചയപ്പെടുത്തുന്നു.<br>ക്വിസ്സ് , ടാലെന്റ് സെർച്ച് , സെമിനാർ, വർക്കിംഗ് മോഡൽ, സ്റ്റിൽ മോഡൽ etc ..മത്സരങ്ങളിൽ പങ്കെടുക്കുന്നു.<br>ശാസ്ത്രമേള inspire അവാർഡ് , YIP ,ഊർജ്ജ സംരക്ഷണം, തുടങ്ങിയവക്ക് സജ്ജമാക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകൻ | PTA |
| ദിനാചരണങ്ങൾ , ശാസ്ത്രാവബോധം വളർത്തുക സഹകരണ മനോഭാവം വളർത്തുക | ജൂൺ 5 പരിസ്ഥിതി ദിനം , സ്കൂൾ അസംബ്ലി , തൈ നടീൽ , പോസ്റ്റർ നിർമ്മാണം ക്വിസ്സ്<br>ജൂൺ 26 ലഹരി വിരുദ്ധ ദിനം , പ്രതിജ്ഞ , ബോധവത്കരണ ക്ലാസ്സ്<br>ജൂൺ 26 ദേശീയ വൈദ്യുതി സുരക്ഷാ ദിനം, ബോധവത്കരണ ക്ലാസ് ,<br>ജൂലൈ 21 ചാന്ദ്രദിനം , ക്വിസ്സ് , വീഡിയോ പ്രദർശനം,<br>ഓഗസ്റ്റ് 17 , കർഷക ദിനം , സുഹൃത്തിനൊരു ഫല വൃക്ഷ തൈ<br>സെപ്തംബര് 16 ഓസോൺ ദിനം , പോസ്റ്റർ രചന മത്സരം<br>ഒക്ടോബര് 22 : മോൾദിനം<br>ഡിസംബർ 1 ലോക എയ്ഡ്സ് ദിനം<br>ഡിസംബർ 14 ഊർജ്ജ സംരക്ഷണ ദിനം<br>ഫെബ്രുവരി 28 സെയിൻസ് ദിനം | അക്കാദമിക വർഷം അതാത് ദിവസങ്ങളിൽ | സയൻസ് അധ്യാപകൻ | PTA |

# അക്കാദമിക് മാസ്റ്റർ പ്ലാൻ
## മലയാളം

**ആമുഖം**

വിദ്യാഭ്യാസ ലക്ഷ്യങ്ങളിൽ ഒന്നായ സമഗ്ര വ്യക്തി വികാസത്തിലേക്ക് വിദ്യാർത്ഥികളെ നയിക്കുന്നതിൽ സുപ്രധാന പങ്കാണ് വായനക്കുള്ളത്

പാഠപുസ്തകങ്ങൾക്കപ്പുറമുള്ള വായനയുടെ ലോകത്തിലേക്ക് പ്രവേശിക്കുന്നതിലൂടെ വിദ്യാർത്ഥികളുടെ സർഗാത്മക ശേഷിയാണ് വികസിക്കുന്നത്. വിജ്ഞാനത്തിന്റെ വിവിധ മണ്ഡലങ്ങളെ മാനവിക മൂല്യങ്ങളുമായി കോർത്തിണക്കുന്നതിനും അപരിചിതമായ ജീവിതാനുഭവങ്ങളെ തിരിച്ചറിയുന്നതിനുമായി വിദ്യാർത്ഥികളിൽ വായനാനുഭവം വരുത്തേണ്ടത് അനിവാര്യമാണ്. ആനന്ദകരമായ അനുഭവമായി പുസ്തകവായനയെ കുട്ടികൾ തിരിച്ചറിയും വിധമുള്ള നിരന്തര പ്രവർത്തനങ്ങളാണ് 2025 - 26 കാലയളവിൽ സ്കൂളിൽ ആസൂത്രണം ചെയ്തിട്ടുള്ളത്.

**ലക്ഷ്യം**

1 5 മുതൽ 10 വരെ ക്ലാസ്സുകളിലെ ഓരോ കുട്ടിയും ആർജ്ജിക്കേണ്ട ഭാഷാപരമായ ശേഷികളും ധാരണയും നൈപുണികളും പരമാവധി കഴിവ് അനുസരിച്ച നേടിയിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തും

2 കുട്ടികളിലെ രചനാപരമായ ശേഷി കണ്ടെത്തുന്നതിനും പ്രകടിപ്പിക്കുന്നതിനും വേദി സജ്ജമാക്കുക

3 കുട്ടികളിൽ വായനയുടെ സംസ്കാരം വളർത്തുക

**മാതൃഭാഷ പഠനം - പ്രശ്നങ്ങൾ**

1 മുതൽ 10 വരെ ക്ലാസ്സുകളിലെ എല്ലാ കുട്ടികൾക്കും പാഠ്യ പദ്ധതി നിർദേശിച്ച എല്ലാ ശേഷികളും പ്രതീക്ഷിത നിലവാരത്തിൽ എത്താൻ കഴിയുന്നില്ല.

2 സർഗാത്മക രചനകൾക്ക് വേണ്ടത്ര പ്രോത്സാഹനവും പ്രാധാന്യവും ലഭിക്കുന്നില്ല

3 വായനയുടെ ലോകത്തേക്ക് കുട്ടികളെ എത്തിക്കാൻ കഴിയുന്നില്ല .

**പ്രശ്നവിശകലനം**

| കാരണങ്ങൾ | പരിഹാര നിർദേശം - പദ്ധതി |
|---|---|
| 1 വായനയോടുള്ള താത്പര്യക്കുറവ്<br>2 വായന പ്രവർത്തനങ്ങൾക്കുള്ള സമയക്കുറവ്.<br>3 സർഗാത്മക രചനകൾക്ക് വേണ്ടത്ര പ്രാധാന്യം ലഭിക്കുന്നില്ല<br>4 ഭാഷ വ്യവഹാരങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്നില്ല | 1 പിറന്നാളിനൊരു പുസ്തകം<br>2 വായനക്കുറിപ്പ്<br>3 കഥ കവിത ശില്പശാല<br>4 ചുവർമാഗസിൻ<br>5 കൈയെഴുത്ത് മാഗസിൻ<br>6 വായനക്കൂട്ടം |

## പ്രവർത്തന പദ്ധതി വിശദീകരണം

### പ്രവർത്തനം - 1

**പിറന്നാളിനൊരു പുസ്തകം**

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| ആശയരൂപീകരണം | വിഷയ സമിതി | ജൂൺ - മെയ് | | |
| എസ് ആർ ജി അംഗീകാരം | വിഷയസമിതി<br>വിഷയ സമിതി | മെയ്<br>ജൂൺ - ഫെബ്രുവരി | | |
| പദ്ധതി നടത്തിപ്പ് | വിഷയ സമിതി | ജൂൺ - ഫെബ്രുവരി | | |
| പുസ്തക സമാഹരണം | ക്ലാസ് ടീച്ചേർസ് | ജൂൺ - ഫെബ്രുവരി | | |

### പ്രവർത്തനം 2

**വായന കുറിപ്പ്**

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| ആശയ രൂപീകരണം | വിഷയസമിതി | ജൂൺ - മെയ് | | |
| SRG അംഗീകാരം | വിഷയസമിതി | മെയ് | | |
| നടത്തിപ്പ് | ക്ലാസ് ടീച്ചർ | ജൂൺ - ഫെബ്രുവരി | | |
| വായന കുറിപ്പ് സമാഹരണം | ക്ലാസ് ലീഡർ | ജൂൺ - ഫെബ്രുവരി | | |
| പതിപ്പ് തയ്യാറാക്കൽ | കൺവീനർ , വായനക്കൂട്ടം | ജൂൺ - ഫെബ്രുവരി | | |

### പ്രവർത്തനം 3

**ശില്പശാലകൾ - കഥ , കവിത ആസ്വാദനം**

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| ആലോചനയോഗം | വിഷയസമിതി | ജൂൺ | | |
| ശില്പശാല - കഥ | വിഷയസമിതി | ജൂലൈ | | |
| ശില്പശാല - കവിത | വിഷയസമിതി | ജൂലൈ | | |

| | | | | |
|---|---|---|---|---|
| ശില്പശാല - ആസ്വാദനം | വിഷയസമിതി | ഓഗസ്റ്റ് | | |

പ്രവർത്തനം 4

കൈയെഴുത്തു മാഗസിൻ

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| ആശയ രൂപീകരണം | വിഷയ സമിതി | ജൂൺ | | |
| സൃഷ്ടികൾ സ്വീകരിക്കൽ | ക്ലാസ് എഡിറ്റർ | സെപ്റ്റംബർ | | |
| തിരഞ്ഞെടുപ്പ് | എഡിറ്റോറിയൽ ബോർഡ് | സെപ്റ്റംബർ | | |
| നിർമ്മാണം | എഡിറ്റോറിയൽ ബോർഡ് | സെപ്റ്റംബർ | | |

പ്രവർത്തനം 5

വായനക്കൂട്ടം - പുസ്തക ചർച്ച

| ഉപപ്രവർത്തനം | ചുമതല | കാലം | ഏജൻസി |
|---|---|---|---|
| ആശയരൂപീകരണം | വിഷയ സമിതി | മെയ് | |
| വായനക്കൂട്ടം രൂപീകരണം | കൺവീനർ വായനക്കൂട്ടം | ജൂൺ | |
| പുസ്തക ചർച്ച വെള്ളിയാഴ്ചക്കൂട്ടം | കൺവീനർ വായനക്കൂട്ടം | ജൂൺ - ഫെബ്രുവരി | |

## പരിഹാര പ്രവർത്തനം - പദ്ധതി വിശദാംശങ്ങൾ

### 1 പിറന്നാളിനൊരു പുസ്തകം

കുട്ടികളുടെയും അധ്യാപകരുടെയും പിറന്നാൾ ദിനം ക്ലാസ് ലൈബ്രറിയിലേക്ക് ഒരു പുസ്തകം സമ്മാനമായി നൽകുക എന്നതാണ് ഈ പദ്ധതി . പിറന്നാൾ ദിനം അർഥപൂർണ്ണമാക്കാൻ ഇതിലൂടെ കഴിയും. വിദ്യാർത്ഥികൾക്ക് പുതിയ പുസ്തകങ്ങൾ പരിചയപ്പെടാനും ക്ലാസ് ലൈബ്രറി മികച്ചതാക്കാനും ഇതിലൂടെ സാധിക്കും. മിട്ടായി വിതരണം പാടെ ഒഴിവാക്കി പുസ്തക സമ്മാനത്തിലേക്ക മാറുമ്പോൾ സ്കൂൾ പരിസരത്തെ പ്ലാസ്റ്റിക് വസ്തുക്കളുടെ വ്യാപനം കുറയുകയും ചെയ്യും. സ്കൂൾ അസ്സംബ്ലിയിൽ വച്ച് ക്ലാസ് ടീച്ചറിന്റെ നേതൃത്വത്തിൽ കുട്ടികളിൽ നിന്ന് പുസ്തകം സ്വീകരിക്കാവുന്നതാണ് .

## 2 വായനക്കുറിപ്പ്

കുട്ടികൾ സ്വയം അറിവ് നിർമ്മിച്ച് ആശയങ്ങളും ധാരണകളും നൈപുണികളും മനോഭാവങ്ങളും വികസിപ്പിക്കുന്നതിന് വിഭാവനം ചെയ്യുന്ന പാഠ്യപദ്ധതിയാണ് നിലവിലുള്ളത് . കാലികവും ശാസ്ത്രീയവുമായ പിന്തുണയുള്ള ഈ സമീപനം കുട്ടികളെ സ്വയം പഠനത്തിലേക്ക് നയിക്കും . ഇതിന് വായനയും റഫറൻസും പഠന പ്രക്രിയയുടെ ഭാഗമായി നടക്കണം . വായനയെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതിയാണ് വായന കുറിപ്പ് . എല്ലാ ദിവസവും ക്ലാസ് ആരംഭിക്കുമ്പോൾ ക്ലാസ് ടീച്ചറുടെ നേതൃത്വത്തിൽ വായനകുറിപ്പ് അവതരണം നടത്തണം. മികച്ച വായന കുറിപ്പുകൾ ചേർത്ത് പതിപ്പ് തയ്യാറാക്കി പ്രകാശനം നടത്താം .

## 3 കഥ, കവിത, ആസ്വാദനം - ശില്പശാല

കുട്ടികളുടെ സർഗാത്മക ശേഷി കണ്ടെത്താനും പരിപോഷിപ്പിക്കാനും ശില്പശാലകൾക്ക കഴിയും. ക്ലാസ് തലത്തിൽ എല്ലാ കുട്ടികളെയും പങ്കെടുപ്പിച്ചുകൊണ്ട് ശില്പശാലകൾ സംഘടിപ്പിക്കണം. ഭാഷ അധ്യാപകർക്ക് പുറമെ സാഹിത്യ ആസ്വാദകരായ മറ്റ് അധ്യാപകർ പ്രാദേശിക എഴുത്തുകാർ പൂർവ്വവിദ്യാർത്ഥികൾ എന്നിവരെ ഉപയോഗപ്പെടുത്താവുന്നതാണ്.

## 4 ചുവർ മാഗസിൻ

ഓരോ ക്ലാസ്സിനും ചുവർ മാഗസിൻ ഉണ്ടായിരിക്കണം. ക്ലാസ് മുറിക്ക് ഉള്ളിൽ തന്നെ അതിനായി അനുയോജ്യമായ സ്ഥലം തിരഞ്ഞെടുക്കണം. കഥ, കവിത, ലേഖനം, വാർത്തകൾ, കാർട്ടൂണുകൾ, ഇടങ്ങി വ്യത്യസ്ത വ്യവഹാര രൂപങ്ങൾ ഉൾപ്പെടുത്തണം. ഓരോ ആഴ്ചയിലും പുതിയ സൃഷ്ടികൾ പതിക്കണം. ഇതിനായി പത്രാധിപ സമിതി തിരഞ്ഞെടുക്കണം.

## 5 കൈയെഴുത്ത് മാഗസിൻ

പഠനപ്രവർത്തനത്തിന്റെയും ദിനാചരണങ്ങളുടെയും ഭാഗമായി ധാരാളം രചനകൾ കുട്ടികൾ വികസിപ്പിക്കാറുണ്ട്. ക്ലാസ് തലത്തിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തത്തോടെ മാഗസിൻ വികസിപ്പിക്കണം. ക്ലാസുകൾ തമ്മിൽ മത്സരവും, കുട്ടികൾക്ക് പ്രോത്സാഹനവും നൽകണം. ഇതിനായി ക്ലാസ് തല പത്രാധിപ സമിതി രൂപീകരിക്കണം. ചുവർ മാഗസിനിലെ സൃഷ്ടികൾ ഉപയോഗിക്കാവുന്നതാണ്.

******************************

## അക്കാദമിക് മാസ്റ്റർ പ്ലാൻ
## ഹിന്ദി

മേഖല : അക്കാദമികം ഹിന്ദി

പൊതുവായ ലക്ഷ്യങ്ങൾ

* സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ ഫലപ്രദമായി എഴുതുവാനും , വായിക്കുവാനും സംസാരിക്കുവാനുമുള്ള കഴിവ് വളർത്തിയെടുക്കുക

* ഓരോ യൂണിറ്റിലും ലഭിക്കേണ്ട പഠന നേട്ടങ്ങൾ എല്ലാ കുട്ടികളും നേടി എന്ന് ഉറപ്പാക്കുക

* ഹിന്ദി ഭാഷ പഠനം ലളിതവും രസകരവും ആകർഷകവുമാക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക

* ഹിന്ദി ഭാഷ പഠനത്തിലൂടെ കുട്ടികൾക്ക് ഭാഷ സ്നേഹവും ദേശസ്നേഹവും വളർത്തിയെടുക്കാനുള്ള അവസരം ഒരുക്കുക

* ഭിന്ന ശേഷി കുട്ടികൾക്ക് അനുയോജ്യമായ പ്രവർത്തനങ്ങൾ നൽകി മികവ് നേടാൻ പ്രാപ്തരാക്കുക

### എട്ടാം തരം

| ലക്ഷ്യങ്ങൾ | പ്രവർത്തങ്ങൾ | കാലം |
|---|---|---|
| അക്ഷരം ചിഹ്നം തുടങ്ങിയവ തിരിച്ചറിയാൻ പരിശീലിപ്പിക്കുന്നു. ഉച്ചാരണം പരിചയപ്പെടുത്തുന്നു. അക്ഷരങ്ങൾ എഴുതാനും വായിക്കാനും കണ്ടെത്താനും പഠിപ്പിക്കുന്നു. | അക്ഷരമാല അടങ്ങിയ കാർഡ് നൽകുന്നു. അക്ഷരങ്ങൾ ഉറക്കെ വായിപ്പിക്കുന്നു. ഓഡിയോ വിഷ്വൽ സഹായത്തോടെ ഉച്ചാരണം കൂടുതലായി പരിചയപ്പെടുത്തുന്നു. | ആരംഭം<br>ജൂൺ - ജൂലൈ |
| ആഴ്ചയുടെ പേരുകൾ എണ്ണങ്ങൾ എന്നിവ പരിചയപ്പെടുത്തുന്നു. | ക്ലാസ്സിലെ ഓരോ വിദ്യാർത്ഥിയുടെയും ജനന തിയതി ഹിന്ദിയിൽ എഴുതുവാൻ പറയുന്നു. വർക്ക് ഷീറ്റുകൾ നൽകുന്നു . ഹിന്ദി കലണ്ടർ തയ്യാറാക്കുന്നു. | മധ്യകാലം<br>ഓഗസ്റ്റ് - സെപ്റ്റംബർ |
| ഹിന്ദി അനായാസം എഴുതുവാനും വായിക്കുവാനും പരിശീലിപ്പിക്കുന്നു. വായന പരിശീലനത്തിന് അധിക പ്രാധാന്യം നൽകുന്നു. കാർട്ടൂൺ , ചിത്രകഥ എന്നിവ വായിച്ച് ആശയം അവതരിപ്പിക്കുവാൻ കഴിയുന്നു. | കേട്ടെഴുത്ത് , പദസൂര്യൻ, പ്രശ്നോത്തരി എന്നിവ എന്നിവ നൽകുന്നു. ചിത്രകഥ , കാർട്ടൂൺ , ചെറുകവിതകൾ തുടങ്ങിയവ വായനക്കായി നൽകുന്നു. | ഡിസംബർ - ജനുവരി |

## ഒൻപതാം തരം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| ഹിന്ദി എഴുതുവാനും, വായിക്കുവാനും പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി കൂടുതൽ പരിശീലനം നൽകുന്നു. നാമം , | വർക്ക് ഷീറ്റുകൾ നൽകുന്നു, ചിത്രങ്ങൾ അടങ്ങിയ പുസ്തകങ്ങൾ വായിക്കുവാൻ നൽകുന്നു. | ഹ്രസ്വം<br>ജൂൺ - ജൂലൈ |
| സർവ്വനാമം , വിശേഷണം എന്നിവ മനസിലാക്കുന്നു, വാക്യഘടന പരിചയപ്പെടുത്തുന്നു. ചെറിയ ചെറിയ മുദ്രാവാക്യങ്ങൾ എഴുതുവാൻ അറിയുന്നു. | ചാർട്ടുകൾ നൽകുന്നു, അതിൽ നിന്നും സർവ്വനാമം , വിശേഷണം എന്നിവ കണ്ടെത്തുവാൻ പറയുന്നു. കവിത കഥ പൂരിപ്പിക്കുവാൻ നൽകുന്നു. സൂചന ബോർഡുകൾ എഴുതി ക്ലാസ്സിൽ പ്രദർശിപ്പിക്കുവാൻ പറയുന്നു. | മധ്യം<br>ഓഗസ്റ്റ് - സെപ്റ്റംബർ |
| പോസ്റ്റർ തെയ്യാറാക്കുവാൻ അറിയുന്നു. കവിത വായിച്ച് ആസ്വാദന കുറിപ്പ് തെയ്യാറാക്കുവാൻ അറിയുന്നു. | പോസ്റ്ററിന്റെ മോഡൽ നൽകുന്നു. വിവിധ വിഷയങ്ങൾ നൽകുന്നു. ക്ലാസ്സിൽ പ്രദർശിപ്പിച്ച് മൂല്യ നിർണ്ണയം നടത്തുന്നു. ചെറിയ കവിതകൾ നൽകികൊണ്ട് ആസ്വാദന കുറിപ്പ് ക്ലാസ്സിൽ അവതരിപ്പിക്കാൻ പറയുന്നു. | ദീർഘം<br>നവംബർ - ഡിസംബർ |

## പത്താം തരം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| കുട്ടികളുടെ ഭാഷ മെച്ചപ്പെടുത്തുക എന്ന ലക്ഷ്യങ്ങളോടെ ഭാഷ വസ്തുതകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നു. | നാടകം വേദിയിൽ അവതരിപ്പിക്കുന്നു. സന്ദർഭോചിതമായി സംഭാഷണം തെയ്യാറാക്കാൻ പറയുന്നു. | ഹ്രസ്വം<br>ജൂൺ - ജൂലൈ |
| സാഹിത്യാഭിരുചി വളർത്തുക , ഹിന്ദി വാരാഘോഷ സമയത്ത് ഹിന്ദി കലോത്സവം മികച്ച രീതിയിൽ നടത്തുന്നു. കുട്ടിയുടെ മികച്ച പങ്കാളിത്തം ഉറപ്പ് | പദ്യം ചൊല്ലൽ കഥ , കവിത, പോസ്റ്റർ നിർമാണം എന്നിവ സംഘടിപ്പിക്കുന്നു. | മധ്യം<br>ഓഗസ്റ്റ് - സെപ്റ്റംബർ |

| | | |
|---|---|---|
| വരുത്തുന്നു. | | |
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നു. കഥയെ തിരക്കഥയായി മാറ്റുവാൻ അറിയുന്നു. സ്വഭാവ സവിശേഷതകളിന്മേൽ കുറിപ്പ് തയ്യാറാക്കുവാൻ അറിയുന്നു. ഡയറി എഴുതുവാൻ അറിയുന്നു | പാഠഭാഗത്തിലെ സന്ദർഭങ്ങൾ നൽകുന്നു. കഥാപാത്രങ്ങളെ ആസ്പദമാക്കി ചരിത്ര കുറിപ്പ് തയ്യാറാക്കാൻ പറയുന്നു. എല്ലാ ദിവസവും ഡയറി എഴുതുവാനുള്ള നിർദേശം നൽകുന്നു. | ദീർഘലം<br>നവംബർ - ഡിസംബർ |

# അക്കാദമിക് മാസ്റ്റർ പ്ലാൻ – ഹിന്ദി

| SL . No | പ്രോഗ്രാം | ആക്ടിവിറ്റി | Duration | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | UP തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കൽ | അക്ഷരം എഴുത്ത് ചിഹ്നം ഉറപ്പിക്കൽ അക്ഷര കാർഡ് വാക്കുകൾ എഴുതിയ കാർഡ് ക്ലാസ്സിൽ അക്ഷരമാല പ്രദർശനം ഓൺലൈൻ അക്ഷരമാല കളികൾ വാക്കുകൾ എഴുതിയ കാർഡുകൾ വാക്കുകൾ നിർമ്മാണം വാക്യങ്ങളുടെ നിർമ്മാണം (HS വിഭാഗത്തിലെ പിന്നോക്കാവ സ്ഥയിലുള്ള കുട്ടികളിൽ പ്രീ ടെസ്റ്റ് നടത്തി മുകളിലെ പ്രവർത്തനങ്ങൾ നടപ്പാക്കാം | ജൂൺ - ഓഗസ്റ്റ് | അക്ഷര ചാർട്ട് പാഠപുസ്തകങ്ങ | BRC DIET SCERT (ആവശ്യമെങ്കിൽ റിസോഴ്സ് ടീച്ചേർസ് ) |
| 2 | വീട് ഒരു പരീക്ഷണശാല ( കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതും ആയ വസ്തുക്കളുടെ പേര് ഹിന്ദിയിൽ പഠിക്കുക | വീട്ടിൽ ഉപയോഗിക്കുന്ന ഗൃഹോപകരണങ്ങൾ ഉൾപ്പെടെയുള്ള വസ്തുക്കളുടെ പട്ടിക ഹിന്ദിയിൽ തയ്യാറാക്കുക ICT സഹായത്തിലൂ | സെപ്റ്റംബർ- ഒക്ടോബര് | ഹിന്ദി നിഘണ്ടു | PTA BRC റിസോഴ്സ് ടീച്ചർ |

| | | | | | |
|---|---|---|---|---|---|
| | | ടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം CWSN കുട്ടികളുടെ പങ്കാളിത്തം | | | |
| 3 | ആശയങ്ങൾ തെറ്റ് കൂടാതെ പ്രകടിപ്പിക്കാനും സർഗാത്മക രചനകൾ വികസിപ്പിക്കാനുമുള്ള അവസരം ( സുരീലി ഹിന്ദി ) | ഹിന്ദി അസംബ്ലി ദിനാചരണങ്ങൾ (പ്രത്യേകിച്ച് സെപ്റ്റംബർ 14 , ജനുവരി 10 ) ക്ലാസ് ലൈബ്രറി അധിക വായന സാമഗ്രികൾ ചിത്രസഹായത്തോടെ ചിത്രകഥ തയ്യാറാക്കൽ ചിത്രം - അടിക്കുറിപ്പ് ചിത്രം - കഥ പറയൽ, കഥ എഴുതൽ കഥ ബാക്കി എഴുതൽ വായന മൂല ഹിന്ദി ക്ലബ് പ്രവർത്തനങ്ങൾ | നവംബർ - ഫെബ്രുവരി | പുസ്തകങ്ങൾ | BRC DIET PTA SCERT |

അക്കാദമിക് മാസ്റ്റർ പ്ലാൻ

യു പി ഗണിതം

| Sl.No | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു. | ഗണിത ശില്പശാല കളിരീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. നമ്പർ കാർഡ് , മഞ്ചാടി കുരു , മുത്തുകൾ ഫ്ലാഷ് കാർഡ് ഉപയോഗിക്കുന്നു. | ജൂൺ | ഗണിത അധ്യാപകർ | പി ടി എ |
| 2 | രസകരമായ ഗണിത ശാസ്ത്ര പഠനവും കരചലന ശേഷിയുടെ വികാസവും. | ഒറിഗാമി ശില്പശാല ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിത ശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ , വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ , പട്ടികപ്പെടുത്താൽ , പ്രദർശനം സംഘടിപ്പിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | പി ടി എ |
| 3 | ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിൽ ഗണിത ലാബ് സജ്ജമാക്കൽ ഗണിത ക്ലാസ് നടത്തൽ | ആവശ്യാനു സരണം | ഗണിത അധ്യാപകർ ഗണിത ലാബിലെ അംഗങ്ങൾ | പി ടി എ |
| 4 | ഗണിതം മധുരമാക്കൽ | ഗണിത പാർക്ക് - ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി ഗണിത പാർക്ക് സജ്ജമാക്കൽ | ഒരു പ്രാവശ്യം | ഗണിത ക്ലബ് | പി ടി എ |
| 5 | ഗണിത മേഖലയിൽ കുട്ടികളുടെ താത്പര്യം വർധിപ്പിക്കൽ | ഗണിത ഗ്രാമം -ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ (മറ്റ് വിദ്യാലയങ്ങളിലും മറ്റ് മേഖലകളിലും പ്രവർത്തിക്കുന്നവർ )പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് | വർഷത്തിൽ മൂന്നോ നാലോ തവണ | ഗണിത അധ്യാപകർ , ക്ലബ് ലീഡേഴ്സ് | പി ടി എ |

| | | | | | |
|---|---|---|---|---|---|
| | | താത്പര്യം ഉണ്ടാകുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു. | | | |
| 6 | ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | ഐ ടി സാധ്യതകളിലൂടെ ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ പോലുള്ള പ്രവർത്തനങ്ങൾ ഐ ടി സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | പി ടി എ |
| 7 | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻ നിരയിൽ എത്തിക്കാൻ ശ്രമിക്കുന്നു. | ഗണിത ക്ലിനിക് - ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപകരും ഗണിതത്തിൽ മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗനിർദേശങ്ങൾ നൽകുന്നു. | ആവശ്യാനുസരണം | എസ് ആർ ജി | പി ടി എ |
| 8 | വിവിധ ശേഷിയുടെ വികസനം. | ദിനാചരണം- ജൂൺ മുതൽ മാർച്ച് വരെ ദിനങ്ങളുമായി ബന്ധപ്പെട്ട നടത്തേണ്ട പ്രവർത്തനങ്ങൾ എസ് ആർ ജി യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | എസ് ആർ ജി | പി ടി എ |

## അക്കാദമിക് മാസ്റ്റർ പ്ലാൻ

## യു പി ബേസിക് സയൻസ്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | **പരീക്ഷണ കളരി**<br>നിത്യ ജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉൾപ്പെടുത്തി രസകരമായ പരീക്ഷണങ്ങൾ ചെയ്യുന്നു. പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്നു. പരീക്ഷണ കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറാക്കുന്നു.<br>**കണ്ടറിയാനൊരു യാത്ര**<br>ചുറ്റുപാടുമുള്ള ആവാസ വ്യവസ്ഥകൾ, അധിനിവേശ സസ്യങ്ങൾ , ജന്തുക്കൾ ഇവയുടെ രജിസ്റ്റർ നിർമ്മാണം . | അക്കാദമിക വർഷം<br><br>ജൂലൈ | ശാസ്ത്രാധ്യാപകർ<br><br>ശാസ്ത്രാധ്യാപകർ , സയൻസ് ക്ലബ് | രക്ഷിതാക്കൾ<br><br>രക്ഷിതാക്കൾ |
| ശാസ്ത്ര രംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക | ഐ സി ടി യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ, ശാസ്ത്ര സത്യങ്ങൾ,ശാസ്ത്രകാരന്മാരുടെ ജീവ ചരിത്രങ്ങൾ , പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ,എന്നിവയുടെ വീഡിയോ പ്രദർശനം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ സയൻസ് ക്ലബ് | |
| ശാസ്ത്ര പ്രക്രിയ ശേഷി വർധിപ്പിക്കുക . ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർധിപ്പിക്കുക | വിവിധ ക്ലബ്ബുകളുടെ നേതൃത്വത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രൊജെക്ടുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം | സയൻസ് ക്ലബ് , ഊർജ്ജ ക്ലബ് | സയൻസ് ക്ലബ് |

മേഖല യു പി സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലം |
|---|---|---|---|---|
| 1 സാമൂഹ്യ ശാസ്ത്രത്തിന്റെ അടിസ്ഥാന അറിവുകൾ ആശയങ്ങൾ ഇവ പരിശോധിക്കൽ , നേടിയെടുക്കൽ | അങ്കത്തട്ട് - കളിയിൽ നിന്ന് കാര്യത്തിലേക്ക് സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാന അറിവ് പരീക്ഷിക്കുന്നതിന് പ്രഹേളികകൾ ഓരോ പഠിതാവിനും നൽകുന്നു.<br>ഓർമ്മച്ചെപ്പ്<br>അന്തർ ദേശീയ തൈഹലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി , തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ഐ സി ടി സാദ്ധ്യതകൾ ഉപയോഗിച്ച് മെമ്മറി ടെസ്റ്റ് നടത്തുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 2 പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരായി മാറ്റിയെടുക്കുക | Virtual Field Trip<br>ഐ സി ടി സാധ്യതകളുപയോഗിച്ച ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 3 ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക | വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക് ഗ്രാമ സഭ വാർഡ് സഭ എന്നിവയിൽ മാതാപിപ്രകൃതി താണ്ഡവം - നേർക്കാഴ്ച ഭൂകമ്പം , സുനാമി, കൊടുങ്കാറ്റ് , വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ എന്നിവയുടെ ഭീതി ജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെ കുറിച്ച് മനസിലാക്കുകയുംതാക്കളോടൊപ്പം പങ്കെടുത്തു ജനാധിപത്യ രീതിയുടെ അടിസ്ഥാന താളം മനസിലാക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | പി ടി എ |
| 4 പ്രകൃതി ദുരന്തങ്ങളെ കുറിച്ച് | അഗ്നി ശമന സേന ഉദ്യോഗസ്ഥരുടെ ഡെമോൺസ്ട്രേഷൻ ക്ലാസുകൾ | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര | |

| | | | | |
|---|---|---|---|---|
| മനസിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു | സംഘടിപ്പിക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു. | | അധ്യാപകർ | |
| 5 സഹജീവികളോട് സമഭാവന വർത്തിയെടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | നന്മയുടെ നറുങ്ങു വെട്ടം പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു. മിതവ്യയ ശീലത്തിന്റെ ഭാഗമായി കുട്ടികൾസ്വരൂപിച്ച സാധന സാമഗ്രികൾ ദുരന്ത ബാധിത പ്രദേശങ്ങളിൽ ആശ്വാസഹസ്തമാകുന്നു | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 6 വിവര വിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെ കുറിച്ചും റോഡ് സുരക്ഷയെ കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു. | . ചിലന്തി വലയിൽ നിന്ന് കുതിച്ച ചാട്ടം സാമൂഹ്യ ശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷാ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷാ സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 7 സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു. | കാടെവിടെ മക്കളെ (ഫീൽഡ് ട്രിപ്പ് സർവ്വേ ) പരിസ്ഥിതി ചർച്ചക്ക് കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമായ കാവുകൾ കണ്ടൽകാടുകൾ, തണ്ണീർ തടങ്ങൾ, ജലാശയങ്ങൾ, കാടുകൾ എന്നിവ സന്ദർശിച്ച സർവ്വേ നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 8 സാമൂഹ്യ ശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർ ദേശീയ നിലവാരത്തിലേക്ക് | പുതു ചക്രവാളത്തിലേക്ക് സിവിൽ സർവീസ് പരീക്ഷകൾ എഴുതാൻ പ്രാപ്തി നേടും വിധം അറിവിന്റെ മാസ്മരിക ലോകം സൃഷ്ടിക്കുന്ന മത്സര ബുദ്ധിയോടെ | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |

| | | | | |
|---|---|---|---|---|
| എത്തിക്കുന്നു. | പൊതു വിജ്ഞാനം വളർത്താൻ സഹായിക്കുന്ന ഉത്തരങ്ങൾ നിമിഷ നേരം കൊണ്ടെന്ന രീതിയിലുള്ള ചോദ്യോത്തര വേലകൾ ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുന്നു. | | | |

Master Plan

## എൽ.പി വിഭാഗം

### മലയാളം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലാവധി | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | അടിസ്ഥാന ഭാഷാശേഷി വികസനം | ഭാഷ കളരി<br>കുട്ടികളിലും പാട്ട് കഥകളുമായി കുട്ടി കൂട്ടങ്ങൾ സംഘടിപ്പിക്കൽ<br>അമ്മ പറയട്ടെ അമ്മമാർ കുട്ടികഥകൾ അവതരിപ്പിക്കുന്നു | സെപ്റ്റംബർ -ഒക്ടോബർ | ക്ലാസ് ടീച്ചർ<br>SRG, SMC<br>സ്കൂൾ വികസന സമിതി<br>ക്ലാസ് ടീച്ചർ SRG<br>മദർ പിടിഎ<br>SRG, SMC<br>ക്ലബ്ബുകൾ<br>മദർ പിടിഎ<br>സ്റ്റാഫ് | SMC<br>മദർ പിടിഎ |
| 2 | ഉചിതമായ വ്യവഹാര രൂപങ്ങളിലുള്ള ലേഖനമികവ് | എഴുത്തും കുത്തും ലഘു രചനയിലേക്ക് നയിക്കുന്ന രചന ക്യാമ്പുകൾ.<br>ലഘുപതിപ്പുകൾ തയ്യാറാക്കൽ. | ഒക്ടോബർ- നവംബർ | | SMC<br>മദർ പിടിഎ |
| 3 | സർഗാത്മകതയെ തട്ടി ഉണർത്താം | രചനാ ശില്പശാല, കഥ, കവിത, രചനകൾക്കുള്ള വേദിയൊരുക്കൽ | ഡിസംബർ ജനുവരി | SMC<br>അധ്യാപകർ<br>ക്ലബ്ബുകൾ | SRG<br>SMC |
| 4 | സാഹിത്യ പ്രതിഭകളെ അടുത്തറിയാം | കവിതകളെ കുറിച്ചുള്ള ഡോക്യുമെന്ററി പ്രദർശനം<br>പുസ്തക ശേഖരണവും പ്രദർശനവും<br>ചിത്ര ഗ്യാലറി | ജൂൺ | SMC<br>അധ്യാപകർ<br>മദർ പിടിഎ<br>ക്ലബ്ബുകൾ | SMC |
| 5 | വായന പരിപോഷണം | പൊതുസമൂഹവുമായി ബന്ധപ്പെട്ട് പുസ്തക ശേഖരണം<br>വായന കളരി<br>നാട്ടുവായന. | നവംബർ ആഴ്ചയിൽ ഒന്ന് | വായനശാല<br>SMC<br>SRG | SMC<br>SRG<br>ക്ലബ്<br>വായനശാല |

| | | | | | |
|---|---|---|---|---|---|
| | | പ്രാദേശിക എഴുത്തുകാരും ആയുള്ള സംവാദം | | | |
| 6 | ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നാക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം സംഘടിപ്പിക്കൽ ആവശ്യമായ സാമഗ്രികൾ ഒരുക്കൽ | ലക്ഷ്യം നേടുന്നതു വരെ | SRG ക്ലാസ് ടീച്ചർ | PTA |
| 7 | വായിക്കാൻ വളരാം<br>വായനശേഷി വളർത്തൽ | ക്ലാസ് വായനക്കൂട്ടം, ക്ലാസ് ലൈബ്രറി ഒരുക്കൽ, പുസ്തകപരിചയം, വായനാക്കുറിപ്പ്, ആസ്വാദനക്കുറിപ്പ്, പുസ്തക സംവാദം ആനുകാലിക വായന | വർഷം മുഴുവൻ<br>ജൂലൈ,<br>ജൂൺ | SRG<br>ക്ലാസ് ടീച്ചർ<br>CPTA<br>HM | PTA |
| 7 | എഴുതാൻ തെളിയാം<br>എഴുത്ത് പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളിൽ നിന്നുംപഠന പ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ | വർഷം മുഴുവൻ | SRG<br>ക്ലാസ് ടീച്ചർ | PTA |
| 8 | എഴുത്തുകാരുമായി സംവദിക്കൽ<br>ലേഖനശേഷി വർദ്ധിപ്പിക്കൽ സാഹിത്യകാരന്മാരെ അടുത്തറിയൽ | സാഹിത്യകാരന്മാരുമായി എഴുത്തിലൂടെ സംവദിക്കൽ | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | PTA |
| 9 | കണ്ടറിയാം കേട്ടറിയാം<br>അറിവ് ഡോക്യുമെന്ററിലൂടെ നേടാൻ(ICT) | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ പ്രദർശിപ്പിക്കാൻ | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | PTA |
| 10 | രുചിച്ചറിയാം<br>നമ്മുടെ പ്രാചീന(നാടൻ) ഭക്ഷണങ്ങൾ പരിചയപ്പെടൽ. | ഭക്ഷ്യമേള - പാചകക്കുറിപ്പ് അടങ്ങിയ പതിപ്പ് | | ക്ലാസ് ടീച്ചർ<br>SRG<br>PTA | PTA |

| | | | | | |
|---|---|---|---|---|---|
| 11 | **ഓർമ്മിക്കാം അഭിമാനിക്കാം** ( സാഹിത്യകാരന്മാർ ) സാഹിത്യകാരന്മാരുടെ ജനന - ചരമ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ അടുത്തറിയൽ | നിർമ്മാണം ക്ലാസിന് ഒരു സദ്യ<br>ഓർമ്മ ദിനങ്ങൾ ആചരിക്കൽ ഡോക്യുമെന്ററി പ്രദർശനം പുസ്തകപരിചയം, ക്വിസ് [illegible] പ്രഭാഷണം, ജീവിതരേഖ തയ്യാറാക്കൽ,പതിപ്പ് നിർമ്മാണം - പ്രദർശനം | വർഷത്തിലൊന്ന്<br>ആവശ്യാനുസരണം | ക്ലാസ് ടീച്ചർ SRG CPTA | PTA |
| 12 | **കലക്കൂട്ട്** പാരമ്പര്യമായി ബന്ധപ്പെട്ട കലകൾ നേരിട്ട് അറിയൽ | പ്രദേശവാസികളായ കലാകാരന്മാരുടെ സേവനംക്ലാസ് മുറിയിലേക്ക്, തലയുമായി ബന്ധപ്പെട്ട ബന്ധപ്പെട്ട ഉപകരണങ്ങൾ ചമയങ്ങൾ, പ്രദർശനം<br>കുട്ടികളുടെ സർഗ്ഗശേഷികളുടെ പ്രദർശനം | വർഷത്തിലൊന്ന് | ക്ലാസ് ടീച്ചർ SRG CPTA HM | PTA |
| 13 | **സർഗോത്സവം** ഭാഷാ പഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ | | വർഷത്തിലൊരിക്കൽ | ക്ലാസ് ടീച്ചർ SRG CPTA HM | PTA |

## ഇംഗ്ലീഷ്

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലാവധി | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | ഇംഗ്ലീഷ് ഭാഷ ധാരാളം ആയി കേൾക്കുവാനുള്ള അവസരം ആത്മവിശ്വാസത്തോടെ ഇംഗ്ലീഷ് സംസാരിക്കാനുള്ള അവസരം ഒരു | കാർട്ടൂൺ പ്രദർശന സിനിമ പ്രദർശനം<br>Let'stalk. ..<br>പ്രതിഭാധനരുമായി സംവദിക്കൽ<br>English - ബാലസഭ<br>ഇംഗ്ലീഷ് അസംബ്ലി<br>One day English | മാസത്തിൽ ഒന്ന്<br>ആഴ്ചയിൽ ഒന്ന്<br>മൂന്നു മാസത്തിൽ ഒന്ന്<br>മൂന്നു മാസത്തിൽ ഒന്ന് | SRG<br>ക്ലാസ് ടീച്ചർ<br>SMC<br>SRG<br>ക്ലാസ് ടീച്ചർ<br>SMC | S,S A |
| 2 | വായന ആശയം അറിഞ്ഞും ഒഴുക്കോടെയും | ക്ലാസ് ലൈബ്രറി വികസനം<br>വാർത്താ വായന<br>മത്സരം സംഘടിപ്പിക്കൽ<br>വായന ക്യാമ്പുകൾ<br>ബാല പ്രസിദ്ധീകരണങ്ങളുടെ വായന | ജൂൺമാർച്ച്<br>മൂന്നു മാസത്തിൽ ഒന്ന്<br>ജൂൺമാർച്ച് | ക്ലാസ് ടീച്ചർ | S,S A |
| 3 | ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനും എഴുതുവാനുമുള്ള ശേഷി മെച്ചപ്പെടുത്തൽ | ആഴ്ചയിൽ രണ്ടുദിവസം അസംബ്ലി ചേരൽ<br>അസംബ്ലിയുടെ മുഴുവൻ നിയന്ത്രണവും കുട്ടികളിൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | |
| 4 | തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതുവാനുള്ള ശേഷി | നിത്യവും വീട്ടിലും വിദ്യാലയത്തിലും നടത്തുന്ന പ്രവർത്തനങ്ങൾ | ആഴ്ചയിൽ മൂന്ന് ദിവസം<br>വർഷം മുഴുവൻ | | |
| 5 | ഇംഗ്ലീഷ് ഭാഷയിൽ ഉള്ള രചനാ മികവ് | ഇംഗ്ലീഷ് ഡയറി കുറിപ്പ് എഴുതുക | മാസത്തിൽ ഒന്ന് | ക്ലാസ് ടീച്ചർ | PTA |

| | | | | | |
|---|---|---|---|---|---|
| 6 | വായന പരിപോഷണം | സ്കൂളിലെ വിശേഷ ദിവസങ്ങളിലെ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് സുഹൃത്തുക്കളുമായി കത്തിടപാട്<br>കുട്ടികളുടെ നിലവാരത്തിനനുസരിച്ച് പുസ്തകങ്ങൾ ഉൾക്കൊള്ളിച്ച് വായനാമൂല,വായന വേള, വായനക്കുറിപ്പ്, പുസ്തകപരിചയം<br>വായനാമത്സരം രചന മത്സരം | ആഴ്ചയിൽ ഒന്ന് | ക്ലാസ് ടീച്ചർ | രക്ഷിതാക്കൾ |
| 7 | ഇംഗ്ലീഷ് നന്നായി പറയുവാനും എഴുതുവാനും കഴിയുന്ന നിലവാരത്തിൽ എത്തിക്കൽ. ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിൽ ആത്മവിശ്വാസം ഉണ്ടാക്കുക. | മറ്റു സർഗാത്മക പ്രവർത്തനങ്ങളുടെ അവതരണം | അവധിക്കാലം | | |
| 8 | ഇംഗ്ലീഷ് തിയേറ്റർ<br>സർഗാത്മക പരിപോഷണം | ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങൾ ആക്കി അവതരിപ്പിക്കൽ.<br>സ്കിറ്റ്,ഡ്രാമ, സംഭാഷണം,കഥ പറയൽ | മാസത്തിൽ ഒന്ന് | ക്ലാസ് ടീച്ചർ | SMC |
| 9 | ഇംഗ്ലീഷ് മാഗസിൻ<br>സർഗാത്മക രചനാ ശേഷി വികസനം | മൂന്നുമാസം കൂടുമ്പോൾ കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തിക്കൊണ്ട് മാസിക തയ്യാറാക്കൽ | മൂന്നു മാസത്തിൽ ഒന്ന് | ക്ലാസ് ടീച്ചർ<br>HM<br>SMC | SMC |

# പരിസര പഠനം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലാവധി | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | ആഹാര ശീലങ്ങളും ഭക്ഷണ വസ്തുക്കളുടെ പ്രത്യേകതകളും തിരിച്ചറിവ് | ഭക്ഷ്യമേള - പ്രദർശനം നാടൻ വിഭവങ്ങൾ ഉപയോഗിച്ചുള്ള പാചകവും രുചി അറിവും | ജൂൺ ജൂലൈ ആഗസ്റ്റ് | ക്ലാസ് ടീച്ചർ SRG SMC | SMC |
| 2 | പ്രകൃതിയെ അറിയുന്നതിനും ആസ്വദിക്കുന്നതിനും | പുഷ്പോദ്യാനം ഔഷധത്തോട്ടം പൂവട്ടത്താകെ | ഡിസംബർ ജനുവരി | SRG SMC | |
| 3 | ശുചിത്വബോധമുള്ള വ്യക്തിത്വവും സമൂഹവും സൃഷ്ടിക്കുന്നതിന് | ശുചിത്വ സർവ്വേ ക്ലാസുകൾ,പോസ്റ്റർ രചന മത്സരം, അവതരണങ്ങൾ | ജൂൺ, ജൂലൈ | ക്ലാസ് ടീച്ചർ SRG SMC | SMC |
| 4 | പ്രകൃതിയെ അറിയാൻ | പ്രകൃതി നടത്തം, കാഴ്ചബംഗ്ലാവിലേക്ക്, കാണാൻ കാഴ്ചകൾ | സെപ്റ്റംബർ ഡിസംബർ | അധ്യാപകർ | |
| 5 | നാട് അറിയാൻ നാട്ടറിവുകൾ | കർഷകനുമായി അഭിമുഖം കൃഷിയിടത്തിലേക്ക് നമുക്കും കർഷകരാകാം | ജനുവരി ആവശ്യാനുസരണം | SRG SMC നാട്ടുകാർ | |
| 6 | ശാസ്ത്ര അവബോധം വളർത്തുക | കണ്ടെത്താം അറിയാം ലഘുപരീക്ഷണങ്ങൾ കണ്ടെത്തുന്ന കുറിപ്പ് തയ്യാറാക്കൽ | ആവശ്യാനുസരണം | | |
| 7 | പ്രകൃതി വിഭവ സംരക്ഷണം | ജൈവവൈവിധ്യ പാർക്ക്, തടയണ, മഴക്കുഴി നിർമ്മാണം ജലസ്രോതസ്സുകൾ പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിൽ | | | |